# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (എം.2)-2146/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/02/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-31,1-39,1-55,1-57,1-58 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി(ഉപരിപത്രം സഹിതം)
4)കാര്യാലയപകർപ്പ്.

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (എം.2)-2146/22 തീയ്യതി: 27/02/2023

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 05-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി.പി(ഓഡിറ്റ് ഓഫീസർ ഹഗ്രേ)
സദാനന്ദൻ പി.ജി(ഓഡിറ്റ് ഓഫീസർ)
പ്രവിദ പി.എ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുധ ഇ എൻ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
വിദ്യ വിക്രമൻ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സ്റ്റാൻലി പി എസ്(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ജീജോ ജോബ്(സീഗ്രേ ഓഡിറ്റർ)
ജോയ്സൻ സി.ജെ(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.എൻ.സുരേന്ദ്രൻ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ്.കെ.കെ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വിനിത ഉണ്ണിക്കൃഷ്ണൻ.സി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, മുണ്ടത്തിക്കോട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശോഭന എം.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, വടക്കാഞ്ചേരി സർക്കിൾ | 01-04-2021 | 31-03-2022 |
| ഡോ.രാധിക.എൻ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മുണ്ടത്തിക്കോട് | 01-04-2021 | 31-03-2022 |
| ഡോ.ഷെറിൻ.കെ. | മെഡിക്കൽ ഓഫീസർ, ഗവ.വിഷവൈദ്യ ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.ബിജു.പി.ജി. | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി,വടക്കാഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിത.എം.കെ. | കൃഷി ഓഫീസർ, വടക്കാഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്വേത വി.ഐ. | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് | 01-04-2021 | 31-03-2022 |
| ഡോ.വി.എം.ഹാരിസ് | സീനിയർ വെറ്ററിനറി സർജ്ജൻ, വടക്കാഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീമതി. ജോയ്സി ജേക്കബ്. എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നന്ദിനി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.മഹേന്ദ്ര പി.എ. | അസി.എഞ്ചിനീയർ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 01-04-2021 | 31-03-2022 |
| ശ്രീ.വൈകുണ്ഡൻ .എൽ എസ് | ഹെൽത്ത് ഇൻസ്പെക്ടർ(ഗ്രേഡ് എ) | 01-04-2021 | 25-06-2021 |
| ശ്രീ. സുമേഷ് പവിത്രൻ | ഹെൽത്ത് ഇൻസ്പെക്ടർ(ഗ്രേഡ് എ) ഇൻ ചാർജ് | 26-06-2021 | 08-07-2021 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീനിവാസൻ .എൻ .ഡി. | ഹെൽത്ത് ഇൻസ്പെക്ടർ(ഗ്രേഡ് എ) | 09-07-2021 | 31-03-2022 |
| വിജന | പ്രിൻസിപ്പൽ,ഗവ. ഹയർ സെക്കന്ററി സ്കൂൾ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-10 |
| 11 | അലോട്ട്മെന്റ് ലെറ്റർ പ്രകാരവും എ.സി.ആർ പ്രകാരവും ചെലവഴിക്കപ്പെട്ട തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-1 |
| 12 | ലൈഫ് മിഷൻ മുതൽ വായ്പ തിരിച്ചടവ് ഇനത്തിൽ മെയിന്റൻസ് ഫണ്ട്-നോൺ റോഡിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിലോ സുലേഖ ചെലവ് പത്രികയിലോ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-2 |
| 13 | വികസന ഫണ്ട് (ജനറൽ), ടി.എസ്.പി.- സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച അലോട്ട്മെന്റ് സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. | 1-10-3 |
| 14 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ലഭിക്കുന്ന അലോട്ട് മെന്റ് ബാധ്യതാ ശീർഷകത്തിൽ എടുക്കുന്നില്ല. | 1-10-4 |
| 15 | ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട പ്രത്യേകോദ്ദേശ്യ ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകങ്ങൾ ബി2, ബി4 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-5 |
| 16 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-10-6 |
| 17 | വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-7 |
| 18 | വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല | 1-10-9 |
| 20 | ജേണൽ വൗച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല | 1-10-10 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-11 |
| 22 | മുൻകൂർ രജിസ്റ്റർ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സാക്ഷ്യപ്പെടുത്തി | 1-10-12 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല | |
| 23 | വായ്പ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല | 1-10-13 |
| 24 | ബാധ്യത ശീർഷകങ്ങൾ- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-10-14 |
| 25 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-10-15 |
| 26 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-10-16 |
| 27 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-10-17 |
| 28 | ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-10-18 |
| 29 | മൂന്നുമാസത്തിലധികമായി ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകൾ | 1-10-19 |
| 30 | ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ച് ദീർഘകാലമായും ക്രെഡിറ്റിൽ വന്നില്ല. | 1-10-20 |
| 31 | ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-10-21 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 33 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-12 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. | 1-13 |
| 35 | കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 36 | കംഫർട്ട് സ്റ്റേഷൻ ലേലതുക മുഴുവനും നഗരസഭയിൽ അടവാക്കിയില്ല. | 1-15 |
| 37 | KMBR ചട്ടലംഘനമുള്ള തിയ്യറ്ററിന് ഒക്യൂപ്പൻസി,കെട്ടിടനമ്പർ എന്നിവ നൽകി | 1-16 |
| 38 | ജില്ലാ ടൗൺ പ്ലാനറുടെ അനുമതിയില്ലാതെ ഭൂവികസനാനുമതി നൽകി. | 1-17 |
| 39 | ക്രമവത്ക്കരണ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല നഗരസഭയ്ക്ക് വരുമാനനഷ്ടം സംഭവിക്കുന്നു | 1-18 |
| 40 | ലേലങ്ങൾ നടത്താത്തതുമൂലം നഗരസഭയുടെ തനതുഫണ്ടിൽ നഷ്ടം സംഭവിക്കുന്നു | 1-19 |
| 41 | വസ്തുനികുതി നിർണ്ണയം- മുഴുവൻ കെട്ടിടഭാഗങ്ങളും വസ്തുനികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയില്ല. | 1-20 |
| 42 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല -ചെലവ് തുക 34,23,643/-തടസ്സപ്പെടുത്തുന്നു | 1-21 |
| 43 | പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 44 | പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-23 |
| 45 | സഞ്ചിതനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് മാറ്റുന്നു | 1-24 |
| 46 | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ പ്രൊജക്ടുകളുടെ ചെലവുകൾ പൂർണ്ണമായും | 1-25 |

| | | |
|---|---|---|
| | ഉൾപ്പെട്ടിട്ടില്ല | |
| 47 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ട് ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 48 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-27 |
| 49 | ഹെൽത്ത് ഇൻസ്‌പെക്ടർ പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല | 1-28 |
| 50 | അടങ്കലിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തു | 1-29 |
| 51 | പാലിയേറ്റീവ് മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-30 |
| 52 | പ്രൊജ.നം.665/22 : കുമാരനല്ലൂര് പട്ടികജാതി നഴ്സറി സ്മാർട്ട് നഴ്സറിയാക്കൽ -അപാകതകൾ | 1-31 |
| 53 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 54 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തത് -അധിക നിരക്ക് നൽകിയത് സംബന്ധിച്ച് | 1-33 |
| 55 | ഹരിതസഹായസ്ഥാപനം-കൺസൽറ്റൻസി ഫീ നൽകൽ | 1-34 |
| 56 | അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ഹാജർ രേഖപ്പെടുത്താത്ത കാലയളവിൽ വേതനം നൽകി | 1-35 |
| 57 | വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-36 |
| 58 | വിനിയോഗ കൈപ്പറ്റ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 59 | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള വിതരണം നടത്തിയതിന് തുക നൽകൽ -കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല. | 1-38 |
| 60 | കുടിവെള്ള വിതരണം - അപാകതകൾ | 1-39 |
| 61 | കൺസൾട്ടൻസി ചാർജ്ജ് - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല | 1-40 |
| 62 | താത്ക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കുന്നില്ല | 1-41 |
| 63 | മുൻകൂറുകൾ നിയമപ്രകാരമുള്ള സമയപരിധിയ്ക്കകം ക്രമീകരിച്ചിട്ടില്ല | 1-42 |
| 64 | മെഡിക്കൽ ആഫീസർ ( ആയുർവേദം)കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല. | 1-43 |
| 65 | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല. | 1-44 |
| 66 | പ്രൊജ.നം.471/22 : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -അപാകതകൾ | 1-45 |
| 67 | പ്രൊജ.നം.666/22 : അമൃത് 2.0 നഗരസഭ വിഹിതം നൽകൽ | 1-46 |
| 68 | മിണാലൂർ വനിതാ വിപണന കേന്ദ്രം ഇലക്ട്രിക്കൽ പ്രവൃത്തികൾ - എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല, ക്വട്ടേഷൻ വിളിച്ചില്ല | 1-47 |

| | | |
|---|---|---|
| 69 | ആസാദി കാ അമൃത് മഹോത്സവ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 204508 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 70 | ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചു | 1-49 |
| 71 | മിന്നൽരക്ഷാ ചാലകം സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-50 |
| 72 | വൗച്ചറുകളും ഫയലും ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-51 |
| 73 | മുകുന്ദരാജ സാംസ്കാരികോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-52 |
| 74 | മരം, മരങ്ങളുടെ ശിഖരം എന്നിവ മുറിക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-53 |
| 75 | പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം/പ്രൊജക്റ്റ് നിർവ്വഹണം | 1-54 |
| 76 | പ്രൊജ.നം.573/22 : സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്--അപാകതകൾ | 1-55 |
| 77 | പ്രൊജ.നം.585/22 : ഉത്രാളിക്കാവ് പൂരം താല്ക്കാലിക വിളക്ക്--അപാകതകൾ | 1-56 |
| 78 | പ്രൊജ.നം. 267/21-22 കുമ്പളങ്ങാട് വിൻഡ്രോ കമ്പോസ്റ്റിങ് യാർഡ് നിർമാണം | 1-57 |
| 79 | പ്രൊജ.നം.17/22 : പുതിയ ആഫീസ് കെട്ടിടം മെയിന്റനൻസ്--അപാകതകൾ | 1-58 |
| 80 | പ്രൊജ.നം.175/22 : ഇരുന്നിലങ്കോട് കുടിവെള്ള പദ്ധതി--അപാകതകൾ | 1-59 |
| 81 | കാലി ബാരലിന്റെ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. | 1-60 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തത് -അധിക നിരക്ക് നൽകിയത് സംബന്ധിച്ച് | 3-1 |
| 2 | അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ഹാജർ രേഖപ്പെടുത്താത്ത കാലയളവിൽ വേതനം നൽകി | 3-2 |
| 3 | കുടിവെള്ള വിതരണം - അപാകതകൾ | 3-3 |
| 4 | ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചു | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി/ കൗൺസിൽ തീരുമാനം | 20.2.2021, തീരുമാനം 1 ( 1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 2,01,85,40,000- | 2,01,12,92,250-- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 21.03.2022തീരുമാനം1(1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 74,60,63,392- | 74,55,48,000- |

ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I) ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും ആയി വലിയ അന്തരം കാണുന്നു. ബജറ്റു യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

(Ii) ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

( Iii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Iv) 1994ലെ കേരള മുനിസിപ്പൽ നിയമം 294(2) വകുപ്പ് ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

(V) 1994ലെ കേരള മുനിസിപ്പൽ നിയമം 22വകുപ്പ് ആവശ്യപ്പെടുന്നതു പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാകേണ്ടതുണ്ട്.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31281066 | 31281066 | 31281066 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 30644186 | 30644186 | 25616167 | 5028019 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 38264500 | 38264500 | 11330661 | 26933839 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 12096473 | 12096473 | 7062428 | 5034045 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | 0 | 27090114 | 27090114 | 21385929 | 5704185 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied ) | 0 | 17514472 | 17514472 | 13671134 | 3843338 |

സാംഖ്യ എ സി ആർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഈ വിഷയം വാർഷികകണക്കിലെ അപാകതകളിൽ പരാമർശിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,34,69,192 .00 |
| വരവ് | 24,64,47,789.00 |
| ആകെ | 30,99,16,981.00 |
| ചെലവ് | 24,84,92,177.00 |
| നീക്കിയിരിപ്പ് | 6,14,24,804 .00 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു. (സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 475 | 25,37,80,585 | 13,57,67,200 | 226 | 249 | 47.58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3773598.75 | 20084194 | 23857792.75 | 946954.50 | 350744.25 |
| തൊഴിലാളികളുടെ കൂലി | 0 | | | 22560094 | 0 |

നഗരസഭ ലഭ്യമാക്കിയ കണക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ 7-6 ൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,50,30,200 | 1022 |
| വിധവാപെൻഷൻ | 4,70,12,900 | 3141 |
| വാർദ്ധക്യകാലപെൻഷൻ | 7,74,28,900 | 5724 |
| വികലാംഗപെൻഷൻ | 1,15,77,200 | 797 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 76,48,800 | 503 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.22 തിയ്യതിയിൽ 3.00 Pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,012/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

* ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)(ii)(iv) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ

പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്)ചട്ടങ്ങൾ 2007 ലെ ചട്ടം 57(1)&(2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മാസാന്ത്യ കണക്കുകൾ തയ്യാറാക്കിയതായോ, അംഗീകരിച്ചതായോ കാണുന്നില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഫീസ് ഉത്തരവുകൾ വഴി കൃത്യമായി ജോലി വിഭജനം നടത്തി താഴെ തട്ടിലുള്ളവർക്ക് ഉത്തരവാദിത്തം ഏല്പിച്ചതായി കാണുന്നില്ല. ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

- മുൻകൂർ റജിസ്റ്ററിൽ മുഴുവൻ രേഖപ്പെടുത്തലുകളുമില്ല. ഇപ്പോൾ ചേർത്തിട്ടുള്ള വിരലിലെണ്ണാവുന്ന മുൻകൂറുകൾ തന്നെ ക്രമപ്പെടുത്തുന്നതിൽ അക്ഷന്തവ്യമായ കാലതാമസം വരുത്തിയിട്ടുള്ളതായി കണ്ടു.

*ഇൻക്യുമ്പൻസി രജിസ്റ്റർ

ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ, മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

- കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി.24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

- പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ

എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ അപേക്ഷാതീയതി, പെൻഷൻ അനുവദിച്ച തിയതി , സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

- ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല

നഗരസഭയിൽ ഉപയോഗിച്ചുപോരുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല. ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുമ്പോൾ പ്രസ്തുത ഡെപ്പോസിറ്റ് ക്രമ നം ക്യാൻസൽ ചെയ്യുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ, 26.05.2011 തീയതിയിലെ, സർക്കുലർ നമ്പർ 58725/എഫ്.എം.3/2008/തസ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ, ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയുണ്ടായി. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17(2) ലും ഇത് ആവർത്തിക്കുന്നു. എന്നാൽ നഗരസഭയിൽ തനതു ഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിലധികം ബാങ്കിൽ അക്കൗണ്ടുകൾ, പുതുതലമുറ ബാങ്കായ HDFC യിലുൾപ്പടെ ആരംഭിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ ഡിവിഷൻ നമ്പർ ചേർത്തിട്ടില്ലാത്തതു മൂലം അർഹതയില്ലാത്തവർക്ക് വിവിധ ആനുകൂല്യങ്ങൾ ഓഡിറ്റ് കാലയളവിൽ നൽകാനിടവന്നിട്ടുണ്ടോയെന്ന് വിലയിരുത്താനായിട്ടില്ല.
നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-22 ലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-10-1 അലോട്ട്മെന്റ് ലെറ്റർ പ്രകാരവും എ.സി.ആർ പ്രകാരവും ചെലവഴിക്കപ്പെട്ട തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1.വികസന ഫണ്ട് - ജനറൽ

2021-22 വർഷത്തിൽ മുനിസിപ്പാലിറ്റിക്ക് അനുവദിച്ച വികസന ഫണ്ടിൽ (ജനറൽ) നിന്നും അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം, ലൈഫ് മിഷൻ മുതൽ വായ്പ തിരിച്ചടവ് എന്നീയിനങ്ങൾക്കുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കുറവ് ചെയ്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

| വികസന ഫണ്ട് (ഗഡുക്കൾ) | ആകെ അലോട്ട്മെന്റ് | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ കുറവ് ചെയ്ത തുക | ലൈഫ് മിഷൻ മുതൽ വായ്പ തിരിച്ചടവിനായി കുറവ് ചെയ്ത തുക | അറ്റ തുക |
|---|---|---|---|---|
| ഒന്നാം ഗഡു | 19214000 | 846800 | - | 18367200 |
| രണ്ടാം ഗഡു | 19214000 | 846800 | 5453334 | 12913866 |
| മൂന്നാം ഗഡു | 4519000 | 846800 | 3672200 | 0 |
| ആകെ | 4,29,47,000 | 2540400 | 9125534 | 31281066 |

വികസന ഫണ്ടിന്റെ (ജനറൽ) എ.സി.ആർ പ്രകാരം അലോട്ട്മെന്റ് പ്രകാരം ലഭിച്ച മുഴുവൻ തുകയും (₹31281066) ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ വാർഷിക കണക്കിൽ ആകെ അലോട്ട്മെന്റ് ലഭിച്ച മുഴുവൻ തുകയും (₹4,29,47,000) ചെലവായി ഉൾപ്പെടേണ്ടതാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വികസനഫണ്ട് (ജനറൽ) ഇനത്തിൽ ആകെ ചെലവ് ₹3,84,28,000/- (₹3,50,97,748(ഷെഡ്യൂൾ ഐ-6) + ₹33,30,252മാത്രമാണ്. വ്യത്യാസം ₹4519000/-. വികസന ഫണ്ട് മൂന്നാംഗഡുവിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിലും ലൈഫ് മിഷൻ മുതൽ വായ്പാ തിരിച്ചടവ് ഇനത്തിലും കുറവ് ചെയ്യപ്പെട്ട തുകയായ ₹ 45,19,000/- (846800+3672200) ചെലവായി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

2. വികസന ഫണ്ട് - എസ്.സി.പി.

വികസന ഫണ്ട് - എസ്.സി.പി. ഇനത്തിൽ 2021-22 വർഷം ലഭിച്ച അലോട്ട്മെന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| വികസന ഫണ്ട് (ഗഡുക്കൾ) | ആകെ അലോട്ട്മെന്റ് | ലൈഫ് മിഷൻ മുതൽ വായ്പ തിരിച്ചടവിനായി കുറവ് ചെയ്ത തുക | അറ്റ തുക |
|---|---|---|---|
| ഒന്നാം ഗഡു | 9747000 | - | 9747000 |
| രണ്ടാം ഗഡു | 9747000 | 460000 | 9287000 |
| മൂന്നാം ഗഡു | 9747000 | 460000 | 9287000 |
| മുൻവർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി( ജി.ഒ.(ആർ.ടി.)2617/22 /ഫിൻ. തീയതി.31/03/22 പ്രകാരം) | 23,23,186 | | 2323186 |
| ആകെ | 3,15,64,186 | 9,20,000 | 3,06,44,186 |

വികസന ഫണ്ട്- എസ്.സി.പി. എ.സി.ആർ., ഇ-ബിൽ സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ ഈയിനത്തിലെ ആകെ ചെലവ് ₹26,27,979/- (2,53,59,789 (എ.സി.ആർ) + 920000 (ലൈഫ് മിഷൻ)) ആണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് തുക ₹25819789/- (₹ 2349870 (ഷെഡ്യൂൾ ഐ-6 + ₹2321081 ( കാപ്പിറ്റൽ കോൺട്രിബ്യൂഷൻ) ആണ്. വ്യത്യാസം 4,60,000/-.

## 1-10-2 ലൈഫ് മിഷൻ മുതൽ വായ്പ തിരിച്ചടവ് ഇനത്തിൽ മെയിന്റനൻസ് ഫണ്ട്- നോൺ റോഡിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിലോ സുലേഖ ചെലവ് പത്രികയിലോ ഉൾപ്പെടുത്തിയിട്ടില്ല.

മെയിന്റൻനസ് ഫണ്ട് നോൺ റോഡ് മൂന്നാം ഗഡു അനുവദിച്ചപ്പോൾ ലൈഫ് മിഷൻ മുതൽ വായ്പാ തിരിച്ചടവിലേക്കായി ₹17,81,133/- കുറവ് ചെയ്താണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ തുക സുലേഖ ചെലവ് സ്റ്റേറ്റ് മെന്റിലോ വാർഷിക കണക്കിലോ ചെലവായി ഉൾപ്പെടുത്തിയില്ല.

### 1-10-3 വികസന ഫണ്ട് (ജനറൽ), ടി.എസ്.പി.- സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച അലോട്ട്മെന്റ് സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ജി.ഒ.(ആർ.ടി)നം. 2617/22/ഫിൻ തീയതി 31.03.22 പ്രകാരം മുൻവർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി തുകയായ ₹10,85,660/- വികസന ഫണ്ട് - ജനറൽ വിഭാഗത്തിലും ₹19,900/- രൂപ വികസന ഫണ്ട്-ടി.എസ്.പി. വിഭാഗത്തിലും അനുവദിച്ചിട്ടുണ്ട്. എന്നാൽ സാംഖ്യ എ.സി.ആർ പ്രകാരം ടി തുകകൾ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-10-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ലഭിക്കുന്ന അലോട്ട് മെന്റ് ബാധ്യതാ ശീർഷകത്തിൽ എടുക്കുന്നില്ല.

2021-22 വർഷത്തിൽ 2020-21 വർഷം ചെലവഴിക്കാത്ത പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ബേസിക് ഗ്രാന്റ് ഇനത്തിൽ ₹6,92,472/- ഉം, ടൈഡ് ഗ്രാന്റ് ഇനത്തിൽ ₹18,57,114 രൂപയമടക്കം ₹25,49,586/- അലോട്ട്മെന്റ് അനുവദിക്കുകയും (ജി.ഒ(ആർ.ടി.) നം. 6591/21/ധന തീയതി. 07/10/21 ) ₹2,22,968/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവഴിക്കാത്ത തുക 2021-22 വർഷത്തിൽ ലാപ്സായിട്ടുണ്ട്. 15-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2021-22 വർഷത്തിൽ അൺടൈഡ് ബേസിക് ഗ്രാന്റ് ഇനത്തിൽ ₹ 1,68,22,000/- ഉം, ടൈഡ് ഗ്രാന്റായി ₹2,52,33,000/- രൂപയുമടക്കം ₹4,20,55,000 അലോട്ട്മെന്റ് അനുവദിക്കുകയും ടി തുക ട്രഷറിയിൽ നിന്ന് സി.എഫ്.സി. ഗ്രാന്റിന്റെ പി.എഫ്.എം.എസ്. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0095053000045470 ഐ.എഫ്.എസ്. കോഡ്- SIBL0000095,South Indian Bank, Wadakkanchery) വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകകൾ ധനകാര്യ കമ്മീഷൻ ഗ്രാൻറ്- ടൈഡ്, അൺടൈഡ് എന്നീ ബാധ്യത ശീർഷകങ്ങളിൽ വരവ് വെക്കുകയും ടി തുകയിൽ നിന്ന് ചെലവഴിക്കപ്പെടുന്ന റവന്യ ചെലവുകൾ 160100104 എന്ന ശീർഷകത്തിലും മൂലധനച്ചെലവുകൾ 3 ൽ തുടങ്ങുന്ന കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലും ബുക്ക് ചെയ്യുന്നതിന് പകരം മുഴവൻ തുകയും 160100104- Development Fund – Central Finance Commission Grant എന്ന വരവ് ശീർഷകത്തിലാണ് വരവ് വെച്ചത്. ആയതിനാൽത്തന്നെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഇനത്തിലെ ആകെ ചെലവ് തുകയേക്കാൾ അധികമായി വരവ് തുക വാർഷികകണക്കിൽ രേഖപ്പെടുത്തപ്പെട്ടു.

### 1-10-5 ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട പ്രത്യേകോദ്ദേശ്യ ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകങ്ങൾ ബി2, ബി4 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ദുരിതാശ്വാസ നിധി, സി.എഫ്.സി.- പി.എഫ്.എം.എസ്, സാക്ഷരത എന്നീയിനങ്ങളിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| ശീർഷകം | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|
| 450410500 | Canara Bank- Distress Relief Fund-0723101066224 | 10,820 |
| 450430400 | Puthuruthy Co-operative Bank – Distress Relief Fund5807 | 9,244 |
| 450630100 | Dist.Co.op.bank- Saksharatha 10705049373 | 1,002 |
| 450620300 | South Indian Bank- pfms-0095053000045470 | 86,65,255 |

എന്നാൽ ഈയിനങ്ങൾക്ക് ബാധകമായ ബാധ്യത ശീർഷകങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10-6 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

1. ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59).

1.1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

1.2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

1.3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

1.4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

1.5. വിനോദനികുതി

1.6. ബസ് സ്റ്റാന്റ് ഫീ

നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തത്തിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-10-7 വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1. 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16 വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.
ഓഡിറ്റിന് ലഭ്യമാക്കിയ പുതിയ കെട്ടിട നമ്പറുകളുടെ പട്ടിക പ്രകാരം (എക്സൽ ഷീറ്റ്) 517 കെട്ടിടനമ്പറുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2021-22 ലെ "110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 23/07/2021 ൽ മാത്രം ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല,

2. മേൽ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

3. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10-8 വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ശീർഷകം | | | |
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 4841005 | 23/07/21 | 42100065 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/222ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax (General) | (1,61,62,010) |
| 280100600-Prior Period Income- Profession Tax- Institutions/Professional/Traders | 71,15,120 |
| 280200401-Prior Period Income- Licence Fees | (47,876) |
| 280500600-Prior Period Expenses-Tax Remission &Refund | 5000 |
| 280800500-Prior Period- Programme Expenses | (46,660) |

## 1-10-10 ജേണൽ വൗച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

## 1-10-12 മുൻകൂർ രജിസ്റ്റർ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തൻവർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻകൂറുകൾ നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 – Loans Advances And Deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പദ്ധതികൾ, നൽകിയ തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| GWD | ഇരുന്നംകല്ല് കുടിവെള്ളപദ്ധതി-(പ്രൊ.നം.175/22) | 5,00,000 |
| | കിളിയത്ത് ചിറ കുടിവെള്ള പദ്ധതി (പ്രൊ.നം.595/22) | 2,59,896 |
| | മംഗലം,ഏല്യാംകുന്ന്, ജവഹർ,അമ്മാട്ടിക്കുന്ന് കുടിവെള്ള പദ്ധതി സംയോജനം (പ്രൊ.നം.210/22) | 2,58,458 |
| | അമ്പലപുരം കിഴക്കുമുറി കുടിവെള്ള പദ്ധതി (പ്രൊ.നം.235/22) | 2,00,000 |
| കെ.എസ്.ഇ.ബി | പെരിങ്ങണ്ടൂർ കനാൽ റോഡ് പോസ്റ്റ്മാറ്റലും മെയിന്റൻസും പ്രോജക്ട് നം 143/22 | 2,66,650 |
| | മുല്ലയ്ക്കൽ റോഡ് പോസ്റ്റ് മാറ്റി വെയ്ക്കൽ-ഡിവ. 33 (പ്രോജക്ട് നം 543/22) | 9,145 |
| | ഇരുന്നല്ലം കല്ല് കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നം 633/22 | 4,50,000 |
| | പാർലിക്കാട് ബ്രാഞ്ച് കനാൽ പരിസരം ഇലക്ട്രിക് പോസ്റ്റ് പ്രോജക്ട് നം 529/22 | 19,002 |

### 1-10-13 വായ്പ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 "Secured Loans" എന്ന ശീർഷക പ്രകാരം 14,99,87,142 /- രൂപയും, ഷെഡ്യൂൾ B-6 "Unsecured Loans" എന്ന ശീർഷക പ്രകാരം 2,70,60,446/ – രൂപയും തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. 2021-22 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രാജീവ് ഗാന്ധി ഭവന വായ്പ തിരിച്ചടവ് എന്ന പ്രോജക്ട് പ്രകാരം 7,00,000 രൂപയും, ലൈഫ് ഭവന പദ്ധതി വായ്പയുടെ മുതലിലേക്കുള്ള തിരിച്ചടവ് ഇനത്തിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ₹91,25,534 ഉം എസ്.സി.പി.യിൽ നിന്ന് ₹9,20,000ഉം മെയിന്റനൻസ് ഫണ്ട് - നോൺ റോഡിൽ നിന്ന് ₹17,81,133 ഉം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് വായ്പ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-10-14 ബാധ്യത ശീർഷകങ്ങൾ- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

### 1-10-15 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്ന തരത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-10-16 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5,15,300/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10-17 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം Stock In Hand – പൂജ്യം ആണ്. ആയതിന്റെ കൃത്യത പരിശോധിക്കാൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-10-18 ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| ക്രമ. നം | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/03/2022ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1. | 450210200-SBT Sanitation | 57024925290 | 4,13,704 |
| 2 | 450210400- SBT Wadakkanchery | 67382438724 | 48,92,799 |
| 3 | 450210500- SBI Property Tax E-payment | 38877417049 | 21,77,643 |
| 4 | 450230200-TDCB Loan- | 80001759084 | 888 |
| 5 | 450410500-Canara Bank Distress Relief Fund | 0723101066224 | 10820 |
| 6 | 450430400-Puthuruthy Co-op Bank Distress Relief Fund | 5807 | 9,244 |
| 7 | 450630200-Puthuruthy Co Operative Bank -PYKKA | 5977 | 948 |
| 8 | 450410400-Canara Bank – Jalanidhi | 14193 | 4,11,324 |
| 9 | 450430400-Puthuruthy Co-op Bank Distress Relief Fund | 5807 | 9,244 |
| 10 | 450630100- Dist.Co.op Bank-Saksharatha | 10705049373 | 1002 |
| 11 | 450650600-Treasury TSB A/c PF | 799010100186330 | 1,58,530 |

## 1-10-19 മൂന്നുമാസത്തിലധികമായി ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകൾ

ബാങ്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകൾ Cheque Issued But Not Credited എന്നയിനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. അത്തരം ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| SBI Own Fund- 40209773238 | 413824/05.07.21 | 2231 |
| | 413851/13.07.21 | 7520 |
| | 513959/02.09.21 | 11993 |

## 1-10-20 ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ച് ദീർഘകാലമായും ക്രെഡിറ്റിൽ വന്നില്ല.

മുനിസിപ്പാലിറ്റിക്ക് വരവായി ലഭിച്ച ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ച് ദീർഘകാലമായിട്ടും ക്രെഡിറ്റ് ആയിട്ടില്ല. ടി ചെക്കുകളുടെ വിവരങ്ങൾ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർനം./തീയതി | ചെക്ക് നമ്പർ/തീയതി | തുക | നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 11503500012/29.03.16 | 0966046/29.02.16 | 22,025 | Thrissur District Co-operative Bank (A/c No.10705014282) |
| 11603500244/16.02.17 | 5163442/16.02.17 | 55,750 | |
| 11603500310/17.03.17 | 10.03.17 | 1,250 | |
| 11710200001/14.02.18 | 5163564/12.02.18 | 6,250 | |
| 11713500170/26.03.18 | 7119886/26.03.18 | 10,600 | |
| 11813500121/11.09.18 | 089110/11.09.18 | 1,250 | |
| 11813500014/05.06.18 | 5844086/05.06.18 | 10,000 | |
| 11813400027/21.11.18 | 680211402/08.10.18 | 3,510 | |

ചെക്കുകൾ നിക്ഷേപിച്ച് നാളിതുവരെയായും ക്രെഡിറ്റ് ആവാത്തത് പരിശോധിക്കേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10-21 ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും താഴെ പറയുന്ന തുകകൾ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ Directly Credited By Bank / Directly Debited By Bank എന്നയിനങ്ങളിൽ കാണുന്നു. ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും ആയത് പരിശോധിച്ച് ടി തുകകൾ മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ വരവായി / ചെലവായി കൊണ്ടുവരാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

| ബാങ്ക് അക്കൗണ്ട് | ബാങ്കിൽ ഇടപാട് നടന്ന തീയതി | Directly Credited By Bank എന്നയിനത്തിലെ തുക | Directly Debited By Bank എന്നയിനത്തിലെ തുക |
|---|---|---|---|
| SBI Ayyankali A/c No. 67396238128 | 18.02.21 | 4144/- | |
| | 26.02.21 | 1746/- | |
| | 27.04.21 | 3552/- | |
| | 27.04.21 | 888/- | |
| | 27.04.21 | 3552/- | |
| | 02.08.21 | 29110/- | |
| | 03.08.21 | 4074/- | |
| | 03.08.21 | 2619/- | |
| | 20.09.21 | 582/- | |
| | 22.09.21 | 873/- | |
| | 02.11.21 | 1455/- | |
| | 02.11.21 | 873/- | |
| | 30.07.19 | | 2981/- |
| | 30.07.19 | | 2168/- |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി നിയമം 245 വകുപ്പ് പ്രകാരം നഗരസഭാ പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ, ബിസിനസിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|---|
| 1 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് | I,II |
| 2 | മാക്സ് വാല്യു കൺസൾട്ടൻസി | II |
| 3 | സപ്ലൈകോ താലൂക്ക് ഡിപ്പോ | II |
| 4 | ജിയോജിത്ത് ഫിൻ സർവ്വീസ് | II |
| 5 | മുത്തൂറ്റ് ഫിൻ കോർപ്പ് | I |
| 6 | Assistant Engineer,PWD Road | II |
| 7 | Minor Irigation Section | I,II |
| 8 | Assistant Insurance Medical Officer | I,II |
| 9 | Govt Girls HS,Wadakkanchery | I |
| 10 | Catholic Serian Bank | II |
| 11 | KSCSF Ltd | I |
| 12 | Muthoot Securities Ltd | I,II |
| 13. | Post Master,Vyasagiri | I,II |
| 14 | Agriculture Officer,കൃഷിഭവൻ | I |
| 15 | Raidco Kerala Ltd | I,II |
| 16 | Indian Railway,Wadakkanchery | I,II |
| 17 | Instacart Pvt Ltd | II |
| 18 | Rubber Board Field Officer | II |
| 19 | Food Safety Officer | I,II |
| 20 | ASAP Skill Development Centre | II |
| 21 | Circle Inspector Of Excise | I |
| 22 | Post Office,Kumaranellur | I |
| 23 | ICL Fin Corp | II |
| 24 | Olive School | I,II |
| 25 | Govt Model Residential English Medium School | II |
| 26 | Techmate Institute | I |
| 27 | Thrissur Nidhi Ltd | II |
| 28 | PNY Sabha Finance Ltd | I,II |
| 29 | SC Development Officer | I |
| 30 | GLPS Girls,Wadakkanchery | II |
| 31 | Sreevary Automative | I |
| 32 | Sanjeevana Laboratory,ECG | I |
| 33 | Future Wealth Nidhi Ltd | I |
| 34 | കുമ്പളങ്ങാട് ക്ഷീര സഹകരണ സംഘം | I |
| 35 | District Early Intervention Centre | I |

| | | |
|---|---|---|
| 36 | പട്ടാമ്പി സ്റ്റോഴ്സ് | I |
| 37 | Oriental Insurance Company Ltd | II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 65/14.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രശീതി സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I,II |
| 2 | മാക്സ് വാല്യു കൺസൾട്ടൻസി | II |
| 3 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | “” |
| 4 | കാത്തലിക് സിറിയൻ ബാങ്ക് | “” |
| 5 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | I |
| 6 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് | I,II |
| 7 | ഇൻസ്റ്റാ കാർട്ട് സർവ്വീസ് | II |
| 8 | തൃശ്ശൂർ നിധി ലിമിറ്റഡ് | II |
| 9 | സായ് സർവ്വീസ് സ്പെയെഴ്സ് | I,II |
| 10 | Thrissur Coperative Bank | II |
| 11 | T N Auto &General Engineering | I,II |
| 12 | Jhons Academy | II |
| 13. | ICL Fin Corp Ltd | II |
| 14 | Bharat Laina State Housing Co-op Society | II |
| 15 | സ്വതന്ത്ര മൈക്രോ ഫിൻ പ്രൈ | II |
| 16 | പഞ്ചാബ് നാഷണൽ ബാങ്ക് | I |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 64/14.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല.

താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രഷൻ നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഡോ.മോഹൻദാസ് സ്പെഷ്യാലിറ്റി ക്ലിനിക് | 1/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ/ലാബ് ടെക്നീഷ്യൻ-2 |
| 2 | സഞ്ജീവനി ലാബ് & ഇ.സി.ജി | 2/21-22 | മറ്റ് ജീവനക്കാർ/ലാബ് |

| | | | |
|---|---|---|---|
| | | | ടെക്നിഷ്യൻ-3 |
| 3 | സ്മൈൽ ഡെന്റൽ ക്ലിനിക് | 3/21-22 | ഡോക്ടർ-2<br>മറ്റ് ജീവനക്കാർ-2 |
| 4 | അൽഷിബ ഡെന്റൽ ക്ലിനിക് | 4/21-22 | ഡോക്ടർ-1 |
| 5 | ശബരി ക്ലിനിക്കൽ ലബോറട്ടറി | 6/21-22 | അപേക്ഷയിലില്ല |
| 6 | മരിയ ക്ലിനിക്കൽ ലാബ് | 7/21-22 | മറ്റ് ജീവനക്കാർ-1 |
| 7 | കൊച്ചിൻ അൾട്രാ സൗണ്ട് സ്കാനിങ്ങ് | 8/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 8 | Excellent Medical Centre | 9,10/21-22 | അപേക്ഷയിലില്ല |
| 9 | ജനനീതി പോളി ക്ലിനിക് | 11/21-22 | ഡോക്ടർ-2<br>മറ്റ് ജീവനക്കാർ-2 |
| 10 | ഫാമിലി ഹൈടേക്ക് ലാബ് | 13/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-2 |
| 11 | ജയരാജ് ഡെന്റൽ ക്ലിനിക് | 14/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 12 | മെട്രോ ഹൈടെക് ലാബ് | 15/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-1 |
| 13 | നീതി കെയർ ലാബ് | 16/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-1 |
| 14 | മില്ലേനിയം ഡെന്റൽ ക്ലിനിക് | 17/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 15 | ഡോ.റാണി മോനോൻ ഐ ക്ലിനിക് | 18/21-22 | ഡോക്ടർ-1 |
| 16 | ലൂയി മേരി ഡയഗനോസ്റ്റിക് സെന്റർ | 19/21-22 | മറ്റ് ജീവനക്കാർ-1 |
| 17 | ഡി.ഡി.ആർ.സി ഡയഗനോസ്റ്റിക് സെന്റർ | 20/21-22 | മറ്റ് ജീവനക്കാർ-3 |
| 18 | സുധർമ്മ സ്പെഷ്യാലിറ്റി ലാബ് | 21/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നീഷ്യൻ-4 |
| 19 | ഹോമിയോപ്പതി വെൽനസ് സെന്റർ | 23/21-22 | മറ്റ് ജീവനക്കാർ-1 |
| 20 | ഡോക്ടേഴ്സ് ഹൈടെക് ലാബ് | 12/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-2 |

| | | | |
|---|---|---|---|
| 21 | കൃഷ്ണ് ക്ലിനിക്കൽ ലാബ് | 24/21-22 | മറ്റ് ജീവനക്കാർ-2 |
| 22 | ഡോ.കുരുവിള മെമ്മോറിയൽ ഡെന്റൽ ക്ലിനിക് | 25/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 23 | സിഗ്മ് ഹൈടെക് ലാബ് | 26/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-3 |
| 24 | മറിയം ത്രേസ്യ ഹോമിയോ മെഡിക്കൽ സെന്റർ | 28/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 25 | സഞ്ജീവനി ഹോമിയോ ക്ലിനിക് | 30/21-22 | ഡോക്ടർ-1 |
| 26 | എലൈറ്റ് ലബോറട്ടറി | 32/21-22 | മറ്റ് ജീവനക്കാർ-2 |
| 27 | ബ്ലോസം ഡെന്റൽ ക്ലിനിക് | 33/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 28 | ബഥാനിയ ക്ലിനിക് &ഫാർമസി | 35/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-2 |
| 29 | ഭാരത ക്ഷേമം ക്ലിനിക് | 36/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-2 |
| 30 | ആയുർവ്വേദ ആശുപത്രി | 37/21-22 | അപേക്ഷയിലില്ല |
| 31 | പോളി ക്ലിനിക് | 38/21-22 | മറ്റ് ജീവനക്കാർ-1 |
| 32 | ജീവ ലബോറട്ടറി | 39/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-8 |
| 33 | സുധർമ്മ ലാബ് | 40/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-2 |
| 34 | ലൈഫ് കെയർ ഹോമിയോ ക്ലിനിക് | 41/21-22 | ഡോക്ടർ-1 |
| 35 | മിനർവ ലാബ് | 42/21-22 | മറ്റ് ജീവനക്കാർ/ലാബ് ടെക്നിഷ്യൻ-2 |
| 36 | സന എക്സ് റേ,ഇസിജി | 44/21-22 | മറ്റ് ജീവനക്കാർ-1 |
| 37 | പാറമേൽ ഡെന്റൽ ക്ലിനിക് | 45/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 38 | ശ്രീ ധനന്ത്വരീയം ആയുർവ്വേദ മെഡിക്കൽ സെന്റർ | 46/21-22 | ഡോക്ടർ-1 |
| 39 | ഡോ.കുരുവിള മെമ്മോറിയൽ ഡെന്റൽ ക്ലിനിക് | 48/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |
| 40 | മേലേതിൽ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 49/21-22 | ഡോക്ടർ-1<br>മറ്റ് ജീവനക്കാർ-1 |

| | | | |
|---|---|---|---|
| 41 | ആയുർ യോഗാ ശ്രമം | PH1/4564/21 | ഡോക്ടർ-2<br>മറ്റ് ജീവനക്കാർ-11 |

ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 62,63/14.12.22 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ വിദ്ഗ്ധർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഓരോ അർദ്ധ വർഷത്തിലും 1250/-രൂപ വീതം ഈടാക്കേണ്ടതാണ്. ആയതിനാൽ പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ വർക്കുകൾ എറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (ചട്ടം 3(2) മുതൽ 3(11) വരെ) പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 62/14.12.22 നൽകിയതിൽ ലഭിച്ച മറുപടിയിൽ ഒരു കരാറുക്കാരൻ മാത്രമാണ് തൊഴിൽ നികുതി അടച്ചിട്ടുള്ളതെന്നും, എഞ്ചിനീയറിങ്ങ് സെക്ഷനിലേക്ക് കരാറുക്കാരുടെ പേരുകൾ ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നുവെന്നും മറുപടി നൽകി. 2021-22 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ വർക്കുകൾ എറ്റെടുത്ത് നടത്തിയ എല്ലാ കരാറുക്കാരിൽ നിന്നും തൊഴിൽ നികുതിഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കംഫർട്ട് സ്റ്റേഷൻ ലേലതുക മുഴുവനും നഗരസഭയിൽ അടവാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ശ്രീ.എം.എസ് മോഹനൻ എന്നവർ 50,000/-രൂപയ്ക്ക് എടുത്തിട്ടുള്ളതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.3.2021 ലെ തീരുമാനം(5) പ്രകാരം ക്വട്ടേഷൻ അംഗീകരിച്ച് ശ്രീ.എം.എസ് മോഹനൻ എന്നവർക്ക് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് നൽകി. ശ്രീ.എം.എസ് മോഹനൻ ക്വട്ടേഷൻ തുക മുഴുവനായി അടച്ചിട്ടില്ല. ആദ്യ ഗഡുവായി ജി.എസ്.ടി,ഫ്ലഡ് സെസ്സ് എന്നിവ സഹിതം 19040/-(16000+2880+160)രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാക്കി തുക അടവാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 59/14.12.12 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മുഴുവൻ ലേല തുകയും ജി.എസ്.ടി,ഫ്ലഡ് സെസ്സ് എന്നിവ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 KMBR ചട്ടലംഘനമുള്ള തിയ്യറ്ററിന് ഒക്യുപ്പൻസി,കെട്ടിടനമ്പർ എന്നിവ നൽകി

ഒക്യുപ്പൻസി സാക്ഷ്യപത്ര പ്രകാരം (നം.PW1/15623/19 തി 13.1.21) ശ്രീ.പി.ജെ സാജു, ശ്രീ.സി.ജെ സജി, ശ്രീ.സി.ജെ സിജോ, ശ്രീ.ഫിലോ ജോസ്, പോണോര് ഹൗസ്, പാവറട്ടി എന്നവർക്ക് 981.40 ച.മീ (GF 640.40 ച.മീ FF 341 ച.മീ) വിസ്തൃതി വരുന്ന സിനിമ തിയ്യറ്ററിന് ഒക്യുപ്പൻസി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി എ18-ബിഎ(54589/18) തി.04/12/2017 പ്രകാരമാണ് കെട്ടിടത്തിന് റിനോവേഷന് അനുമതി നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ സ്ഥല വിസ്തീർണ്ണം 1394 ച.മീറ്ററാണ്.

പഴയ അസസ്സ്മെന്റ് പ്രകാരം തിയ്യറ്ററിന്റെ വിസ്തൃതി 418 ച.മീറ്ററാണ്. റിനോവേഷന് ശേഷം കെട്ടിടത്തിന്റെ വിസ്തൃതി 981.40 ച.മീറ്ററായി(GF 640.40 ച.മീ FF 341 ച.മീ). തിയ്യറ്ററിന്റെ ഇപ്പോഴുള്ള കവറേജ് 47% ആണ്.KMBR പ്രകാരം അനുവദനീയമായ കവറേജ് 40% ആണ്. As Per KMBR Rule 10(a) In The Case Of Alteration To Existing Authorised Hall(s)/theatre(s) Into Multiple Screens Without Increasing The Total Seating Capacity And If Such Internal

Alteration Include Only Structures Relating To Fixing Of Cinema Screens And Interior Partitioning,the Secretary Shall Permit Such Internal Changes Of Building Subject To The Following Conditions-

1.Available Coverage,total Build Up Area Of All Floors,total Seating Capacity And Height Of Existing Shall Not Exceeded

2.The Available Off-street Parking Spaces And Yards Or Open Spaces Or Set Backs Of Existing Authorised Building Shall Not Reduced.

മുകളിൽ പറഞ്ഞിട്ടുള്ള നിബന്ധകളൊന്നും പാലിക്കാത്ത കെട്ടിടത്തിന് ഒക്യൂപ്പൻസി, കെട്ടിടനമ്പർ എന്നിവ നൽകി. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 38/12.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള ഒക്യൂപ്പൻസി, കെട്ടിട നമ്പർ എന്നിവ റദ്ദ് ചെയ്ത് കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-17 ജില്ലാ ടൗൺ പ്ലാനറുടെ അനുമതിയില്ലാതെ ഭൂവികസനാനുമതി നൽകി.

അപേക്ഷ നം:E2/4850/21-22 തി.09.04.2021 പ്രകാരം ശ്രീ.റ്റി.കെ.സുരേഷ് ബാബു, തലശ്ശേരി ഹൗസ്, കൈപ്പമംഗലം, കുരിക്കുഴി എന്നവർക്ക് 0.2436H,0.7563H എന്നി വിസ്തൃതിയിലുള്ള സ്ഥലത്തിൽ ഭൂവികസനം നടത്തുന്നതിന് പെർമിറ്റ് നം.ഇ2/4850/21-22,BA-09/21-22 Dt 29.07.21 പ്രകാരം അനുമതി നൽകി. പ്രസ്തുത സ്ഥലത്തുനിന്നും 2619.17 ക്യൂബിക് മീറ്റർ മണ്ണെടുക്കുന്നതിനാണ് അനുമതി നൽകിയത്. KMBR ചട്ടങ്ങൾ പ്രകാരം 0.5 ഹെക്ടറിന് മുകളിൽ വരുന്ന സ്ഥലങ്ങളുടെ ഭൂവികസനത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. എന്നാൽ ജില്ലാ ടൗൺ പ്ലാനറുടെ അനുമതിയില്ലാതെയാണ് ഭൂവികസനം നടത്തുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

സമീപവാസികളുടെ പരാതി തുടർന്ന് സെക്രട്ടറിയുടെ ഉത്തരവ് നം.ബി.എ-09/21-22 Dt 21.1.22 പ്രകാരം പെർമിറ്റ് തൽകാലികമായി റദ്ദ് ചെയ്തു. പരിസ്ഥിതി ദുർബ്ബലവസ്ഥയിലുള്ള സ്ഥലമാണോ എന്ന കാര്യത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കത്ത് നം.ഇ2-4850/21(ബിഎ 9/21-22) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിലേക്ക് കത്ത് നൽകി. ഉരുൾപൊട്ടൽ നടന്നിട്ടുള്ള കുറാഞ്ചേരി പ്രദേശത്താണ് 99.99 ആർ സ്ഥലത്ത് ഭൂവികസന പെർമിറ്റ് നൽകിയത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 42/12.12.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ഭൂവികസന അനുമതി പൂർണ്ണമായും റദ്ദ് ചെയ്യേണ്ടതാണ്. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുമതി ലഭ്യമായതിനു ശേഷം മാത്രം ഭൂവികസന അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ക്രമവത്ക്കരണ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല നഗരസഭയ്ക്ക് വരുമാനനഷ്ടം സംഭവിക്കുന്നു

1.താഴെ പറയുന്ന ക്രമവത്ക്കരണ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | അപേക്ഷ നം/തപാൽ നം | അപേക്ഷകൻ | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | KMBR ചട്ടലംഘനം (നോട്ടീസ് ) |
|---|---|---|---|---|---|
| 1 | BR-39/21-22, E1/10046 /21-22 | റഷീദ്, അരങ്ങത്തുപറമ്പിൽ | 310.73 | താമസം | E1-10046/21-22 Dt 13.9.21 സ്ഥലം:നിലം |
| 2 | BR-48/21-22, E2/10724 /21-22 | Manager, DVLP School | 994.63 | സ്കൂൾ | E1-10724/21 Dt.17.5.22 Fire NOC ഇല്ല |
| 3 | BR-12/21-22, 5521/21 Dt 28.4.21 | TN Auto General Engineering | 1123.16 | വാണിജ്യം | E2-5521/21 Dt. 3/2/22 |
| 4 | BR-41/20-2122,E1-10213/21 Dt. 25.8.21 | ബിജു.കെ.ജോൺ, സെക്രട്ടറി, സേവന ചാരിറ്റബിൾ സൊസൈറ്റി | 393.98 | വാണിജ്യം | തുടർനടപടികളില്ല |
| 5 | E2/5509/21 | രാധാകൃഷ്ണൻ | 136.86 | വാണിജ്യം | തുടർനടപടികളില്ല |

| | | | | | |
|---|---|---|---|---|---|
| | Dt. 27.04.21 | & പ്രീത.കുന്നർ ഹൗസ് | | | |
| 6 | BR-1/21-22/E2-4637/21 Dt 30/3/21 | മക്ബൂൽ, ഞാലിയതൊടി ഹൗസ് | 1204.30 | വ്യവസായം | E2-4637/21 Dt. 29.7.21 |
| 7 | BR-18/21-22,7461/21 Dt 8.7.21 | ഫാഹിം&മേസൻ, നടുത്തറ ഹൗസ് | 545.04 | താമസം | E2-7461/21 Dt. 22.7.21 |
| 8 | PW1-14685/20-21 Dt. 25.11.20,BR-80/20-21 | പി.എസ് സുലൈമാൻ, പിശാന്തിപുഞ്ചയിൽ | 223 | വാണിജ്യം | PW1-14685/20-21 Dt 21.12.21 |
| 9 | BR-69/20-21 | അനില സോജൻ, Aevas Business Soluiuon | 178.74 | വാണിജ്യം | തുടർനടപടികളില്ല |
| 10 | BR-55/20-21,E1/12765/20 Dt 19.10.20 | റിലയൻസ് ജിയോ | ലഭ്യമല്ല | മൊബൈൽ ടവർ | E1/12765/20 Dt. 04.11.20 സ്ഥലം:നിലം |
| 11 | BR-74/20-21,E1/13724/20 Dt 19.10.20 | ശ്രീ.പ്രേമരാജൻ, കണ്ടരാമത്ത് | 407.40 | Apartment | തുടർനടപടികളില്ല |
| 12 | BR-32/20-21,E1/7743/20 | Sister Jonetta, JMJ Convent | 7781.73 | സ്കൂൾ | E1/7743/20 തി.12.10.20 |

ഈ കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടുണ്ടോ, ക്രമവത്ക്കരിച്ചിട്ടില്ലെങ്കിൽ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നുണ്ടോ എന്നിവ അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി 39,40,43,48 തി.12.12.22,13.12.22 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കേരള നഗരസഭ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിനാൽ ഈ കെട്ടിങ്ങൾ ക്രമവത്ക്കരിക്കാത്തതിനാൽ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

2.ക്രമവത്ക്കരണ അപേക്ഷ നം.BR-69/20-21, അനില സോജൻ,Aevas Business Solution എന്നവരുടെ 178.74 ച.മീ വിസ്തൃതിയിലുള്ള വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിനാണ് അപേക്ഷ നൽകിയത്. അപേക്ഷകൻ സമർപ്പിച്ച പ്ലാനിൽ 1678.95 ച.മീറ്ററാണ് കെട്ടിടത്തിന്റെ ആകെ വിസ്തൃതി. ആകെ വിസ്തൃതിയിൽ 1500 ച.മീറ്റർ നിലവിലുള്ളതും. 178.74 ച.മീ വിസ്തൃതിയിലുള്ള വാണിജ്യകെട്ടിടം ക്രമവത്ക്കരണത്തിനുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1349.29 ച.മീറ്റർ വിസ്തൃതിയ്ക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 43/13.12.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിടം ക്രമവത്ക്കരിച്ച് വസ്തുനിർണ്ണയിക്കാത്ത വിസ്തൃതിയ്ക്ക് അത് പൂർത്തീകരിച്ച സാമ്പത്തിക വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-19 ലേലങ്ങൾ നടത്താത്തതുമൂലം നഗരസഭയുടെ തനതുഫണ്ടിൽ നഷ്ടം സംഭവിക്കുന്നു

1. വടക്കാഞ്ചേരി നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ താഴെ പറയുന്ന പട്ടിക പ്രകാരം മരം മുറിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഫയൽ നം | മുറിച്ച മരം | ചെലവായ തുക | മുറിച്ച തിയ്യതി |
|---|---|---|---|---|
| 1 | 7612/21 | മട്ടി, പൂള, പാറകം | 28000 | 12.10.21 |
| 2 | 7814/21 | ആൽമര ശിഖരങ്ങൾ, മദ്രാസ് ഈത്ത | 21000 | 30.12.21 |
| 3 | 9624/21 | സർക്കാർ ഭൂമിയിലെ | 10000 | 18.11.21 |

| | | | | |
|---|---|---|---|---|
| | | മാവിന്റെ ശിഖിരങ്ങൾ | | |
| 4 | 12063/21 | വടക്കാഞ്ചേരി ഗേൾസ് സ്കൂളിലെ മട്ടിമരത്തിന്റെയും കാഞ്ഞിര മരത്തിന്റെയും ശിഖിരങ്ങൾ | 13000 | 25.11.21 |
| 5 | 7846/21 | GLPS Girls സ്കൂളിലെ തേക്ക് മരത്തിന്റെ ശിഖിരങ്ങൾ, തെങ്ങ് | ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | |
| 6 | 7910/21 | മഹാഗണി, പൊടിമരം | | |
| 7 | 7836/21 | പൂമരം, പാഴ്മരം | 18000 | 8.2.22 |

കത്ത് നം.PH1-2609/22 തി.19.3.22 പ്രകാരം സെക്രട്ടറി മരങ്ങളുടെ വാല്യൂവേഷൻ എടുക്കുന്നതിനായി സോഷ്യൽ ഫോറസ്റ്റി ഡിവിഷനിലേക്ക് കത്ത് അയച്ചിട്ടുണ്ട്. 11.4.22-ാം തിയ്യതിയിലെ എസ്.എഫ് 2-1980/22 നമ്പർ കത്ത് പ്രകാരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ മരങ്ങൾ മുറിച്ചതിന്റെ ട്രീ കമ്മിറ്റി തീരുമാനങ്ങൾ ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് കത്ത് നൽകി. ആയതിന് 19.10.22-ാം തിയ്യതിയിലെ കത്ത് നം.PH1-2609/22 പ്രകാരം ട്രീ കമ്മിറ്റി തീരുമാനം(11.8.22 ലെ തീരുമാനം(11)) സോഷ്യൽ ഫോറസ്റ്റി ഡിവിഷനിലേക്ക് അയച്ച കൊടുത്തു. നാളിതുവരെ മരങ്ങൾ ലേലം ചെയ്തിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 51/13.12.22 നൽകി മറുപടിയിൽ വാല്യൂവേഷൻ ലഭിച്ച ശേഷം ലേലം ചെയ്യുന്നതാണെന്ന് അറിയിച്ചു.

11.4.22-ാം തിയ്യതിയിലെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെട്ട ട്രീ കമ്മിറ്റി തീരുമാനങ്ങൾ 19.10.22-ാം തിയ്യതിയിലാണ് അയച്ച കൊടുത്തിട്ടുള്ളത്. അതായത് 6 മാസം ഇടവേളയെടുത്തിട്ടുണ്ട്. മരങ്ങൾ മുറിച്ചിട്ട് ഒരു വർഷത്തിലധികമായി. നിലവിൽ മരങ്ങൾ ജീർണ്ണാവസ്ഥയിലാണ്. ആയതിനാൽ അടിയന്തിരമായി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഫയൽ നം.PH1-12581/21 തി.01.11.21 പ്രകാരം വടക്കാഞ്ചേരി ടൗൺ പ്രദേശത്ത് റോഡരികിൽ കൂടി കിടക്കുന്ന മണ്ണും, മാലിന്യങ്ങളും JCB ഉപയോഗിച്ച് ടിപ്പറിൽ നീക്കം ചെയ്തിട്ടുണ്ട്. വടക്കാഞ്ചേരി നഗരസഭ ഡിവിഷൻ 21-ൽ എംപ്ലോയ്മെന്റ് റോഡ്, വടക്കാഞ്ചേരി സിവിൽ സ്റ്റേഷൻ മുൻവശം, ജില്ലാ ആശുപത്രിയുടെ വശത്തു കൂടി ഉള്ള T.B കുന്ന് റോഡ്, വാർഡ് 28 -ൽ റോഡിനു വശത്ത് എന്നിവിടങ്ങളിൽ പരാതിക്കിടയില്ലാത്ത മണ്ണും മാലിന്യങ്ങളും നീക്കം ചെയ്തതിന് 30,610/-രൂപ അനുവദിച്ചിട്ടുണ്ട്. ആരോഗ്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ 30/11/21 -ാം തിയ്യതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ തുക 30,610/-രൂപ അംഗീകരിച്ചിട്ടുണ്ട്. 22 തവണ ടിപ്പറുകൾ ഉപയോഗിച്ച് മണ്ണ്, മാലിന്യങ്ങളും നീക്കം ചെയ്തിട്ടുള്ളതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. നീക്കം ചെയ്ത മണ്ണിന്റെ മൂല്യ നിർണ്ണയം മുനിസിപ്പൽ എഞ്ചിനീയർ നടത്തിയിട്ടില്ല. മണ്ണ് ലേലം ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 49/13.12.22 നൽകി. മറുപടിയിൽ അലക്ഷ്യമായി കിടന്നിരുന്ന മാലിന്യം കലർന്ന മണ്ണ് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ടൗൺ ശുചികരിക്കുന്നതിലേക്കായി JCB യും, ടിപ്പറും ഉപയോഗിച്ചാണ് നീക്കം ചെയ്തതെന്നും, മാലിന്യം ഉൾപ്പെട്ടതിനാൽ മുനിസിപ്പൽ എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയില്ലായെന്നും, JCB ക്കാരനും, ഹിറ്റാച്ചിക്കാരനും പരാതിക്കിടയില്ലാത്ത രീതിയിൽ സംസ്കരിച്ചിട്ടുള്ളതാണെന്നും അറിയിച്ചു.

22 ടിപ്പർ ലോറി മണ്ണ് എവിടെ നിക്ഷേപിച്ചുവെന്നതിന് മറുപടിയില്ല. മണ്ണ്, മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്ക് മുനിസിപ്പൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ശുചീകരണത്തിന്റെ ഭാഗമായി ലഭിച്ച മാലിന്യം കലർന്ന മണ്ണ് മുനിസിപ്പൽ എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തി ചട്ടപ്രകാരം ലേലം ചെയ്തിട്ടില്ല. മണ്ണ് ലേലം ചെയ്യാത്തതുമൂലം നഗരസഭയ്ക്ക് ലേലത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായി. ആയതിനാൽ നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ ചട്ടങ്ങൾ പാലിച്ച് മാത്രം നിർവ്വഹിക്കേണ്ടതാണ്.

## 1-20 വസ്തുനികുതി നിർണ്ണയം- മുഴുവൻ കെട്ടിടഭാഗങ്ങളും വസ്തുനികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയില്ല.

ശ്രീ.ജോർജ്ജ്കുട്ടി പി.ജെ, മാനേജിംഗ് പാർട്ണർ, സ്പിന്നർ മാർക്കറ്റിംഗ്, അത്താണി എന്നയാളുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന് 01.07.21 ന് Partial Occupancy Certificate അനുവദിച്ചിട്ടുണ്ട്. മേൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് പ്രകാരം ബേസ്മെന്റ് ഫ്ലോറിന്റെ വിസ്തീർണ്ണം 570.82 ച.മീ.യും ഗ്രൗണ്ട് ഫ്ലോറിന്റെ വിസ്തീർണ്ണം 368.27 ച.മീ.യും ആണ് (ആകെ-939.09 ച.മീ.). ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 32/549എ(570.82 ച.മീ.), 32/549 ബി (368.27 ച.മീ.) എന്നിങ്ങനെ കെട്ടിടനമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമായ പൂർത്തീകരണ പ്ലാൻ പ്രകാരം മേൽ അളവുകൾ പ്രകാരമുള്ള ബേസ് മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ എന്നിവ

കൂടാതെ 368.27 ച.മീ. വിസ്തീർണ്ണത്തിൽ ഒരു മെസ്സാനിൻ ഫ്ലോർ കൂടി പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മെസ്സാനിൻ നിലയുടെ വിസ്തീർണ്ണം (368.27 ച.മീ.) നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, വസ്തുനികുതി നിർണ്ണയ നോട്ട് ഫയൽ, 25/10/19 ലെ PW1-BA(312354)/2019 പെർമിറ്റ് എന്നിവ പ്രകാരം മേൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് സർവ്വെ നമ്പർ 500/2P (റീസർവ്വെ-168/7) ൽ 8.79 ആർ (879 ച.മീ.) സ്ഥലത്ത് 593.12 ച.മീ. കെട്ടിടം പണിയുന്നതിനാണ്. എന്നാൽ വസ്തുനികുതി നിർണ്ണയ ഫയൽ, പൂർത്തീകരണ പ്ലാൻ എന്നിവ പ്രകാരം കെട്ടിടം പണിപൂർത്തീകരിച്ചിട്ടുള്ളത് 168/5-1 (493 ച.മീ), 168/7-1(525 ച.മീ), 168/7-2(354 ച.മീ) എന്നീ റീസർവ്വെ നമ്പറുകളിലുള്ള പ്ലോട്ടുകളിലാണ്. എന്നാൽ മേൽ പ്ലോട്ടുകളുടെ ലൊക്കേഷൻ സ്കെച്ച് ഫയലിൽ ലഭ്യമല്ല. കെട്ടിടനമ്പർ അനുവദിക്കുന്നതിനായി മേൽ പ്ലോട്ടുകളുടെ സ്ഥാനം ഉറപ്പ് വരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയം നടത്തേണ്ടതും അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല -ചെലവ് തുക 34,23,643/-തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളും ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/09.12.22) മറുപടിയായി ഫയലുകൾ ഹാജരാക്കിയെങ്കിലും അവയിൽ ബില്ലുകളോ അനുബന്ധ വൗച്ചറുകളോ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹34,23,643/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി ഓഡിറ്റ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

| പ്രൊജക്ട് നമ്പർ | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം./തിയതി | ചെലവഴിച്ച തുക |
|---|---|---|---|
| 508/22 | ക്ലീൻ കേരള കമ്പനി - ലെഗസി വേസ്റ്റ് കൈമാറൽ (ധനകാര്യകമ്മീഷൻ അവാർഡ്) | 22101757/29.12.21 (6,43,159/-) 22101841/15.02.22 (48,205/-) 22101764/26.12.22 (91,320/-) | 7,82,684 |
| 663/22 | ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ് (ധനകാര്യകമ്മീഷൻ അവാർഡ്) | പെയ്മെന്റ് അഡ്വൈസ് നം.c032244803931/21.03.22 | 8,25,571 |
| 464/22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (വികസന ഫണ്ട് എസ്.സി.പി) | 22101602/16.03.22 | 9,87,643 |
| 444/22 | വിവിധ ഡിവിഷനുകളിലേക്ക് എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങൽ (വികസന ഫണ്ട് ജനറൽ) | 22101266/15.12.21 | 2,47,825 |
| 445/22 | സർവ്വശുദ്ധി ഡി.പി.ആർ - ഹരിത കർമ്മസേന വി.ജി.എഫ്.അഡീഷണൽ (കേന്ദ്രാവിഷ്കൃതഫണ്ട്) | 22100913/27.10.21(79,695) 22101333/14.02.22(5,00,225) | 5,79,920 |

| | | | |
|---|---|---|---|
| | | ആകെ | 34,23,643 |

## 1-22 പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 9/22 ഐ.കെ.എം. വിഹിതം(വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22100846/13.09.22 | 2,00,000 |
| 2 | 2/22 വയോമിത്രം (വികസന ഫണ്ട് ജനറൽ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 22100853/22.09.22 | 10,00,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.33/12.12.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

1.പ്രൊജക്ട് നം.99/22 കുമ്പളങ്ങാട് മാലിന്യപ്ളാന്റിലെ വിൻഡ്രോ കമ്പോസ്റ്റ് വികസനം -പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുമ്പളങ്ങാട് മാലിന്യപ്ലാന്റിലെ വിൻഡ്രോ കമ്പോസ്റ്റ് വികസനം (പ്രൊജക്ട് നം.99/22) എന്ന പ്രൊജക്ട് പ്രകാരം കുമ്പളങ്ങാട് മാലിന്യപ്ലാന്റിലെ വിൻഡ്രോ കമ്പോസ്റ്റ് സംവിധാനം ആരംഭിക്കുന്നതിന് Socio Economic Unit Foundation നെ ഏൽപ്പിച്ചു. ₹9,68,787/- (വൗച്ചർ നം. 22101758/15.01.22) ₹10,36,000/- (വൗച്ചർ നം. 22101761/19.03.22) ₹21,32,480/- (വൗച്ചർ നം. 22101763/24.03.22) കൂടി ആകെ ₹41,37,267/- ചെലവഴിച്ചിട്ടുണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 12.01.2022ലെ കരാർ ഉടമ്പടിയിലെ ഖണ്ഡിക 5 പ്രകാരം കരാർഉടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ പ്രവർത്തന കലണ്ടർ ഇല്ല. അതിനാൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചുവോ എന്ന് വ്യക്തമല്ല. പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.34/12.12.22)

2.പ്രൊജക്ട് നം.662/22 സ്മാർട്ട് ഗാർബേജ് ആപ് – പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്മാർട്ട് ഗാർബേജ് ആപ് (പ്രൊജക്ട് നം.662/22) എന്ന പ്രൊജക്ട് പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ടി ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ നടത്തിപ്പിനായി M/S Kerala State Electronics Devt.Corporation Ltd ന് ₹6,49,000 – (വൗച്ചർ നം. 22101760/19.03.22) കൈമാറിയിട്ടുണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്). ആയതിന്റെ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.34/12.12.22).

## 1-24 സഞ്ചിതനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് മാറ്റുന്നു

ജി.ഒ.(പി) 88/2018/ഫിൻ തീ 11.06.2018 ഖണ്ഡിക 4, 5.3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിലേയ്ക്ക് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്ന് 24ലക്ഷം രൂപ പിൻവലിച്ച് (വൗച്ചർ നം.22101508/08.02.2022) സെക്രട്ടറിയുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള 15650100093355എന്ന അക്കൌണ്ടിൽ നിക്ഷേപിക്കുകയും അതിൽനിന്നും ₹ 6,30,000 ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിൽ ബാലൻസ് ഷീറ്റ് പ്രകാരം 31.03.22 ൽ ₹16,95,613/- രൂപ നീക്കിയിരിപ്പുണ്ട്. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ഗുണഭോക്താവിന് നൽകാതെ സെക്രട്ടറിയുടെ പേരിലുള്ള

അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/12.12.22) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ പ്രൊജക്ടുകളുടെ ചെലവുകൾ പൂർണ്ണമായും ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് വിവരം പൂർണ്ണമായോ/ ഭാഗികമായോ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1) പ്രൊജക്ട് നം.7/22 -രാജീവ് ഗാന്ധി ഭവനവായ്പ തിരിച്ചടവ് എന്ന പ്രൊജക്ട് പ്രകാരം 7,00,000/-രൂപ (വികസന ഫണ്ട് ജനറൽ) വൗച്ചർ നം.22100933/20.10.2021 ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല.

2) പ്രൊജക്ട് നം.470/22 -കലാകാരന്മാർക്ക് ഫെല്ലോഷിപ്പ് എന്ന പ്രൊജക്ട് പ്രകാരം 3,15,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2,10,000/-രൂപ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.ബാക്കി 1,05,000/-രൂപയുടെ ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല.

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായിട്ടുള്ള താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് വിവരം പൂർണ്ണമായോ/ ഭാഗികമായോ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

3) പ്രൊജക്ട് നം.22/22 – അനുപൂരക പോഷകാഹാരം (ജനറൽ) എന്ന പ്രൊജക്ട് പ്രകാരം 11,34,531/-രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് പ്രകാരം വകയിരുത്തി അതിൽ 11,11,101/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി. ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

4) പ്രൊജക്ട് നം.436/22 – അനുപൂരക പോഷകാഹാരം (ജനറൽ സ്പിൽ ഓവർ) എന്ന പ്രൊജക്ട് പ്രകാരം 49,80,289/-രൂപ കേന്ദ്രാവിഷ് കൃത ഫണ്ട് പ്രകാരം വകയിരുത്തി അതിൽ 7,66,138/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി. ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

5) പ്രൊജക്ട് നം.23/22 – അനുപൂരക പോഷകാഹാരം (എസ്.സി) എന്ന പ്രൊജക്ട് പ്രകാരം 5,29,915/-രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് പ്രകാരം വകയിരുത്തി അതിൽ 1,62,142/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി. ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

6)കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രൊജക്ടിന്റെ ചെലവ് വിവരം സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1) പ്രൊജക്ട് നം.5/22 – സമഗ്ര നെൽകൃഷി വികസനം പ്രൊജക്ട് പ്രകാരം 103905/-രൂപ (ചെക്ക് നം.3544053/22.03.2022) തനതുഫണ്ടിൽ നിന്നും 33795/- രൂപ (ചെക്ക് നം.3544054/22.03.2022) ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/12.12.22)മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിലെ എല്ലാ ചെലവുകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ട് ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ തുടർപ്രവർത്തനങ്ങൾ നടത്തി രണ്ടാം ഗഡു കൈപ്പറ്റുന്നതിന് അപേക്ഷ സമർപ്പിക്കാത്ത 1,2,3,4 ഡി.പി.ആർ.കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

വടക്കാഞ്ചേരി മേഖല

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിവിഷൻ നം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | ദേവകി, പാലക്കൽ വീട് | I | 14 | 12.12.17 | 30,000 |
| 2 | സുശീല, അമ്പഴപ്പിള്ളി വീട് | I | 14 | 13.06.18 | 30,000 |
| 3 | സൽമ അരങ്ങത്തുപറമ്പിൽ | II | 13 | 17.12.18 | 30,000 |
| 4 | ബിന്ദു രാമൻ,ഇരുളംകുന്ന് | II | 14 | 17.12.18 | 30,000 |
| 5 | ലീല.വി.കെ. വെട്ടത്ത് വീട് | I | 17 | 20.11.19 | 30,000 |

| | | | | | |
|---|---|---|---|---|---|
| 6 | കദീജ നെന്മണിയിൽ | II | 25 | 17.12.18 | 30,000 |
| 7 | സിനിമോൾ താന്നിവീട്ടിൽ | III | 9 | 13.02.19 | 30,000 |
| 8 | ആതിര.പി.ആർ,പാതിരപറമ്പിൽ | IV | 14 | 21.12.19 | 40,000 |
| 9 | ലൈല.വി.കെ,വെളുത്താട്ടിൽ | IV | 20 | 14.10.19 | 40,000 |

മുണ്ടത്തിക്കോട് മേഖല

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിവിഷൻനം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | സൗദാമിനി.എം.എസ്., കരുവാൻ വീട് | II | 3 | 14.08.18 | 30,000 |
| 2 | ലത.കെ.കെ. കൊച്ചംപറമ്പിൽ | II | 38 | 01.11.18 | 30,000 |
| 3 | ഗീത.എം.പി. കളങ്ങാട്ടുപറമ്പിൽ | III | 36 | 01.11.19 | 30,000 |
| 4 | പൊന്നു ദാസൻ | III | 38 | 23.08.18 | 30,000 |
| 5 | മണി കുട്ടൻ, കുംഭാര കോളനി | III | 38 | 23.08.18 | 30,000 |
| 6 | കാമാക്ഷി.വി.യു. കുംഭാര കോളനി | III | 38 | 23.08.18 | 30,000 |
| 7 | അമ്മിണി കുംഭാര കോളനി | III | 38 | 05.10.18 | 30,000 |
| 8 | നല്ലവീരൻ തെക്കേപുരയ്ക്കൽ | III | 38 | 19.01.19 | 30,000 |
| 9 | കമലാക്ഷി | III | 38 | 23.08.18 | 30,000 |
| 10 | ട്രെസീന ഫ്രാൻസിസ് പൊറത്തൂർ | IV | 30 | 21.12.19 | 40,000 |
| 11 | പ്രേമകുമാരി,കുലിയംപാട്ടിൽ | IV | 29 | 19.10.19 | 40,000 |

വീട് പണി പൂർത്തീകരിക്കാത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.37/12.12.22) മറുപടി ലഭ്യമാക്കിയില്ല. വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -മോണിറ്ററിംഗ് കാര്യക്ഷമമല്ല

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

1.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവ് (സാ. ധാ.)നം.911/2021/ത സ്വ ഭ വ തിയതി 26.04.2021 പ്രകാരം ഈയിനത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും ചേർന്ന് കഴിവതും ഒറ്റ പ്രൊജക്ടായി തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. എന്നാൽ 21-22 വർഷത്തിൽ സെക്രട്ടറി മാത്രം 4 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. (വികസനഫണ്ട്(ജനറൽ))

1)60/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഡി സി സി നടത്തിപ്പ്

അടങ്കൽ -29,99,494

ചെലവ്-29,99,494

2)61/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ശുചിത്വവും സംരക്ഷണവും

അടങ്കൽ -4,91,761

ചെലവ് -4,91,761

3)413/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ആമ്പുലൻസ് വാങ്ങൽ

അടങ്കൽ -17,64,720

ചെലവ് -17,64,720

4)417/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഡി സി സി നടത്തിപ്പ് രണ്ടാംഘട്ടം

അടങ്കൽ -21,95,150

ചെലവ് -21,95,150

ആകെ തുക-74,51,125

പല പ്രൊജക്ടുകളായി നടപ്പാക്കിയതിനാൽ ചെലവുകളിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാ. ധാ.)നം.1382/2020ത സ്വ ഭ വ തിയതി 21.07.2020 ഖണ്ഡിക 3.1 പ്രകാരം തുക പൂർണ്ണമായും വിനിയോഗിച്ച് കഴിയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ്പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ദുരിതാശ്വാസനിധിയിൽ നിന്നും (എസ് ഡി ആർ എഫ്) അനുവദിക്കുന്ന തുകയും സംഭാവന ഇനത്തിൽ ചെലവഴിക്കുന്ന തുകയും ഉപരിയായി വരുന്ന തുക അധികവിഹിതമായി അനുവദിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. സെക്രട്ടറി നടപ്പാക്കിയ മേൽപ്പറഞ്ഞ പ്രൊജക്ടുകളടക്കം 21-22 വർഷത്തിൽ ചെലവഴിച്ച 84,72,106/- രൂപയിൽ 41,84,820/- രൂപ ജില്ലാകളക്ടറുടെ 09.03.2022 ലെ DCTSR/7428/2020-K6 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അധികവിഹിതം ലഭ്യമായതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

3. മേൽപ്പറഞ്ഞ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഉത്തരവാദപ്പെട്ടവർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത പ്രവൃത്തികൾ ആരും മോണിറ്ററിംഗ് നടത്തിയതായും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് ഉറപ്പുവരുത്താനാകുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/13.12.22) മറുപടി ലഭ്യമാക്കിയില്ല.ഡി.സി.സി സെന്ററുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങളിൽ ഇനിയും ഉപയോഗിക്കാവുന്നവ തുടർന്നും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 ഹെൽത്ത് ഇൻസ്പെക്ടർ പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല

2021-22 വർഷത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 17 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 3 എണ്ണം മാത്രമേ നടപ്പാക്കിയുള്ളൂ.
ആകെ അടങ്കൽ-1,58,75,456/-
ചെലവ്- 18,60,800/-
ആകെ അടങ്കലിന്റെ ഏകദേശം 12% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/12.12.2022) മറുപടി ലഭ്യമാക്കിയില്ല.
ആവിഷ്കരിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 അടങ്കലിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തു

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പ്രൊജക്ടുകളിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.
1. പെയിൻ & പാലിയേറ്റീവ് പ്രോജക്ടിൽ (പ്രൊജക്ട് നം.33/22) അടങ്കലിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്നും 1,84,642/- രൂപ (ചെക്ക് നം.680240088 തി.11.03.2022) ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ടിൽ (ജനറൽ) 8,81,922/-രൂപ അടങ്കലിൽ 6,05,649/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2,76,273/-രൂപ വികസനഫണ്ടിൽ ബാക്കിയുള്ളപ്പോൾ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതിനാൽ തുക വക മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാണ്. കൂടാതെ തനതുഫണ്ടിൽ നിന്നും അധികചെലവ് വരുന്നതിനും ഇടയാക്കിയിട്ടുണ്ട്.
2. പാലിയേറ്റീവ് കെയറിനായി ഉപയോഗിച്ചുവരുന്ന KL-48 F 777 നമ്പർ ആംബുലൻസിന്റെ ലോഗ് ബുക്കിൽ പ്രതിമാസ സംഗ്രഹം എഴുതി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/12.12.2022) മറുപടിയായി തുടർന്ന് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചു.
ഫണ്ടുകൾ വക മാറ്റി ചെലവഴിയ്ക്കാതിരിയ്ക്കാനും ലോഗ് ബുക്ക് കൃത്യമായി പരിപാലിയ്ക്കുന്നതിനും ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് മാർഗ്ഗരേഖ പാലിക്കുന്നില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന പെയിൻ & പാലിയേറ്റീവ് പ്രോജക്ടിൽ (പ്രൊജക്ട് നം.33/22 )പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഉത്തരവ് നമ്പർ. ജി.ഒ(ആർ.ടി) 3217/2015/ തസ്വഭവ, തീയതി.29.10.2015 യിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

1) ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പും തദ്ദേശഭരണ സ്ഥാപനം ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേരണമെന്നും പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നുണ്ട്.

എന്നാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) 23.12.2021 തിയതിയിൽ മാത്രമാണ് 21-22 വർഷത്തിൽ യോഗം ചേർന്നിട്ടുള്ളത്.

2) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിന് ഒരു പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി) രൂപീകരിക്കേണ്ടതാണെന്നും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തേണ്ടതാണെന്നും മാർഗ്ഗരേഖ ഖണ്ഡിക 2.4.1 -ൽ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ പ്രസ്തുത കമ്മിറ്റി 21-22 വർഷത്തിൽ ഒറ്റത്തവണ പോലും യോഗം ചേർന്നിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.17/12.12.2022 ക്ക് മറുപടിയായി കോവിഡ് കാലമായതിനാലാണ്കൃത്യമായി പി.എം.സി ,പി.ഐ.സി യോഗങ്ങൾ കൂടാതിരുന്നതെന്ന് അറിയിച്ചു. തുടർന്ന് കൃത്യമായി യോഗം കൂടുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു).
മാർഗ്ഗരേഖ പാലിച്ച് പ്രൊജക്ടുകൾ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പ്രൊജ.നം.665/22 : കുമാരനല്ലൂര് പട്ടികജാതി നഴ്സറി സ്കൂൾ നഴ്സറിയാക്കൽ -അപാകതകൾ

അടങ്കൽ : ₹10,00,000 - ( വികസന ഫണ്ട് )

സാങ്കേതികാനുമതി -ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കരാർ നം.-ഇല്ല തി. 16-9-'21

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 10,00,000/-

വൗ.നം. 22101783 തി.30-3-22 തുക - ₹10,00,000/-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.26 തി.12.12.22 )

മേൽ പ്രൊജക്ടു പ്രകാരം നഴ്സറിസ്കൂളിലെ പെയിന്റിങ്/വൈദ്യുതീകരണ പ്രവൃത്തികൾ, ടെലിവിഷൻ, റഫ്രിജറേറ്റർ, എയർകണ്ടീഷണർ, ഗ്രൈന്റർ എന്നിവയുടെ വാങ്ങലുമാണ് നടന്നിട്ടുള്ളത്. പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങൾ പോലും പാലിക്കാതെ ആർട്ട്കോ വഴി നിർവ്വഹിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അപാകതകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. മുൻസിപ്പാലിറ്റിയിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ്ങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ധ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തി 'ആർട്ട്കോ'യെ ഏൽപ്പിച്ചു കാണുന്നു.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ. (സാധാ) നം.2092/2018 ത.സ്വ ഭ.വ തി.1-8-2018 പ്രകാരം ആർട്ട്കോ'യിലെ ഉൽപ്പന്നങ്ങൾ-സ്റ്റീൽ/വുഡൻ ഫർണിച്ചറുകൾ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്. മേൽ പ്രൊജക്ടു പ്രകാരം നഴ്സറിസ്കൂളിലെ പെയിന്റിങ്/വൈദ്യുതീകരണ പ്രവൃത്തികൾ ടെലിവിഷൻ,

റഫ്രിജറേറ്റർ, എയർകണ്ടീഷണർ, ഗ്രൈൻഡർ എന്നിവയുടെ വാങ്ങലുമാണ് നടന്നിട്ടുള്ളത്.

3. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനം സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ ലഭ്യതയാണ്. സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 3 സി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ llവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

4.സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്. ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാർ എഗ്രിമെന്റ് റജിസ്റ്ററിൽ ചേർത്തിട്ടില്ല.

5. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല. വിവിധയിനം പ്രവൃത്തികൾ ചെയ്തതും ഫർണിച്ചറുകൾ സപ്ലൈ ചെയ്തതും ആർട്ട്കോ ഇൻവോയ്സുകളിലാണ് ഇപ്പോൾ രേഖപ്പെടുത്തിനൽകിയിട്ടുള്ളത്.

6. കേരള പൊതുമരാമത്തു വകുപ്പു മാനുവൽ വകുപ്പ് 2113 പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

7.(എ)സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിൽ GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) ആർട്ട്കോവിന്റെ 30-3-22 ലെ ഇൻവോയ്സ് 978 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹8,41,652.10ഉം GST യിനത്തിൽ ₹ 1,58,457.38 ( ഏകദേശം 18.83% ) ആണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹57484.83 ( ₹8.41,652.10x 6.83%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

8) ജി.ഒ(എം.എസ്)നമ്പർ 4/2018 ത.സ്വ.ഭ.വ 01-01- 2018 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനത്തിൽ ഇല്ലെങ്കിൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി മരാമത്ത് പണികളുടെ നിർവഹണം ഏറ്റെടുക്കേണ്ടതായുള്ളൂ. എന്നാൽ ഈ വ്യവസ്ഥക്ക് വിരുദ്ധമായാണ് പദ്ധതി നിർവഹണം സെക്രട്ടറി ഏറ്റെടുത്തിരിക്കുന്നത്.

9). സ.ഉ ( എം.എസ് ) 1/2016 എസ്.പി.ഡി തി. 8-12-2016 പ്രകാരം ആർട്ട്കോ സപ്ലൈ ചെയ്യുന്ന സാധനങ്ങളിൽ ആർട്ട്കോവിന്റേതല്ലാത്തസാധനങ്ങളുടെ മൂല്യം ആകെ മൂല്യത്തിന്റെ 50% ലധികം വരുന്ന സാഹചര്യത്തിൽ ഓപ്പൺ ടെണ്ടറിലൂടെ മാത്രമേ വാങ്ങൽ നടത്താവൂ. മേൽകാര്യത്തിൽ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ഇനങ്ങളും ആർട്ട്കോ നിർമിക്കാത്തയിനങ്ങളും ആർട്ട്കോവിന് ചെയ്യാനായി അനുമതിയില്ലാത്ത പ്രവൃത്തികളുമാണ്.

10.പ്രദേശത്തിന്റെ സാമൂഹ്യഭൂപടം, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിലില്ല.

ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ച വന്നിട്ടുള്ള സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും GST ഇനത്തിൽ അധികം ചെലവു ചെയ്ത തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതുമാണ് .

## 1-32 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | 31/22- കന്നുകുട്ടി പരിപാലന പദ്ധതി (വനിത) |
| നടപ്പാക്കിയ വർഷം | 2021-22 |
| ചെലവഴിച്ച തുക | 7,00,000/- (വികസന ഫണ്ട്(ജനറൽ))<br>(വൗച്ചർ നം. 22101262/26.11.21) |

1. വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/-രൂപ നിരക്കിൽ 112 ഗുണഭോക്താക്കൾക്കായി 7,00,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഏതാനം ഗുണഭോക്താക്കൾ പ്രൊജക്ട് നിർവ്വഹണ വേളയിൽ ഒഴിവായതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | സൊസൈറ്റിയുടെ പേര് | സബ്സിഡി അനുവദിച്ച കാലയളവ് |
|---|---|---|---|
| 1 | ലിസ്സി വർഗ്ഗീസ്, കാക്കത്തുരുത്ത്, അകമല | കുമരനെല്ലൂർ | 01/22 മുതൽ 08/22 വരെ |
| 2 | ഓമന വി.ടി., കരിപ്പറമ്പിൽ, എങ്കക്കാട് | കുമരനെല്ലൂർ | 01/22 മുതൽ 03/22 വരെ |
| 3 | രതി കെ.ടി. | അമ്പലപുരം | 01/22 മുതൽ 06/22 വരെ |
| 4 | ഉഷ ഗോപാലൻ.എ.എസ്. | അമ്പലപുരം | 01/22 മുതൽ 04/22 വരെ |
| 5 | സുജിത | അമ്പലപുരം | 01/22 മുതൽ 06/22 വരെ |

മേൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 12/09.12.22)

## 1-33 എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തത് -അധിക നിരക്ക് നൽകിയത് സംബന്ധിച്ച്

നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. സിബിജോൺ എന്നയാളുടെ ഉടമസ്ഥതയിലുള്ള KL-08-BG-2683 എന്ന വാഹനമാണ് വാടകയ്ക്കു എടുത്തിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് ചുവടെ ചേർക്കുന്നു

1. ജി.ഒ.(പി)നമ്പർ 45/2018/Tran. തീയതി 11.12.2018 പ്രകാരം പുതുക്കിയ ടാക്സി നിരക്ക് (1500 സി.സിയിൽ കുറഞ്ഞത്) കിലോമീറ്ററിന് 15 രൂപയാണ്. നഗരസഭ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഒരു മാസം 1500 കി.മീറ്റർ വരെ 19 രൂപ/കി.മീ. പ്രകാരവും 1500 കഴിഞ്ഞ് വരുന്ന ദൂരത്തിന് 25 രൂപ/കി.മീ. നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/09.12.22/28.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 ലെ ഖണ്ഡിക 1-66 ഈ വിഷയം പരാമർശിച്ചിരുന്നു. അന്ന് നൽകിയ മറുപടിയിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള കി.മീറ്ററിന് 15 രൂപയിൽ വെയിറ്റിങ്ങ് ചാർജ്ജ് ഉൾപ്പെടുന്നില്ല എന്നത് അംഗീകരിച്ചുകൊണ്ട് കി.മീറ്ററിന് 19 രൂപ നൽകിയത് ഓഡിറ്റ് നിരാകരിച്ചിരുന്നില്ല എങ്കിലും അതിൽ കൂടുതൽ നൽകിയ തുക കി.മീറ്ററിന് 13 രൂപ പ്രകാരം (32-19) 1500 കി.മീറ്ററിന് മുകളിൽ ഓടിയ ദൂരത്തിന് ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിച്ചിട്ടില്ല. ആയത് പ്രകാരം ഓഡിറ്റ് വർഷം 1500 കിലോമീറ്ററിൽ അധികരിച്ച ദൂരത്തിന് ചെലവഴിച്ച തുക 6 രൂപ (25-19) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര നടത്തിയ മാസം | വൗച്ചർ നമ്പർ/തീയതി | നൽകിയ തുക | ആകെ ഓടിയ ദൂരം | 25 രൂപ നിരക്കിൽ ഓടിയ ദൂരം | അധികം നൽകി തുക @6 (25-19) |
|---|---|---|---|---|---|---|
| 1 | 3/21 | 22100175/15-5-21 | 49250 | 2320 | 820 | 4920 |
| 2 | 4/21 | 22100280/7-6-21 | 48900 | 2306 | 806 | 4836 |
| 3 | 5/21 | 22100382/2.7.21 | 70500 | 3170 | 1670 | 10020 |
| 4 | 6/21 | 22100572/18.8.21 | 75325 | 3363 | 1863 | 11178 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 7/21 | 22100796/28.9.21 | 65625 | 2975 | 1475 | 8850 |
| 6 | 8/21 | 22100796/28.9.21 | 55625 | 2575 | 1075 | 6450 |
| 7 | 9/21 | 22100967/2.11.21 | 47225 | 2239 | 739 | 4434 |
| 8 | 10/21 | 22100967/28.9.21 | 58525 | 2691 | 1191 | 7146 |
| | | ആകെ | | | | 57834 |

2021-22 കാലയളവിലും മുൻ കരാറുകാരനായ സിബിജോൺ എന്നയാൾക്കുതന്നെ വീണ്ടും കരാർ കാലവധി നീട്ടിനൽകിയിരിക്കുന്നു (10/01/2021വരെ). 2021-22 വർഷം ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ അധികരിച്ച് നൽകിയ 57834/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-34 ഹരിതസഹായസ്ഥാപനം-കൺസൽറ്റൻസി ഫീ നൽകൽ

ഫയൽ നമ്പർ - G5-16678/18(1)

വടക്കാഞ്ചേരി നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധ)നമ്പർ 2420/2017/തസ്വഭവ തീ.15/07/17ലെ ഉത്തരവിൻ പ്രകാരം പെലിക്കൺ ഫൗണ്ടേഷനെ ഹരിതസഹായസ്ഥാപനമായി തെരഞ്ഞെടുക്കുകയും, സർക്കാർ ഉത്തരവ് (സാധ)നമ്പർ 471/2019/തസ്വഭവ തീ.01/03/2019 ലെ ഉത്തരവിൻ പ്രകാരം 50000/- ടി സ്ഥാപനത്തിന് കൺസൽട്ടൻസി ചാർജ്ജ് നൽകുന്നതിന് 08/5/2019 ലെ നഗരസഭ കൗൺസിൽ തീരുമാനിക്കുകയും ഇതിൻ പ്രകാരം കരാറിൽ ഏർപ്പെടുകയും ചെയ്തു.ടി സ്ഥാപനം 09/5/2019 മുതൽ നഗരസഭയിൽ പ്രവർത്തനം ആരംഭിച്ചു. 15/2/2021 ലെ കരാർ പ്രകാരം 31/03/2022 വരെ ടി സ്ഥാപനത്തിന് കരാർ പുതുക്കി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധ)നമ്പർ 407/2018/തസ്വഭവ തീ.09/02/2018 പ്രകാരം ആദ്യ രണ്ട് വർഷം ഹരിതസഹായസ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതും ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേന സ്വയം പര്യാപ്തത കൈവരിക്കുന്നതിനാൽ തുടർന്ന് ഈ ആവശ്യങ്ങൾക്ക് ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ആവശ്യമായിവരില്ല എന്നതുകൊണ്ട് രണ്ട് വർഷത്തിനു ശേഷം ഒരു കാരണവശാലും ഇവർക്ക് തുക അനുവദിക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 09/5/2019 മുതൽ ഹരിതസഹായ സ്ഥാപനം നഗരസഭയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 8/5/2021 നു ശേഷം തുക അനുവദിക്കേണ്ടതില്ല. 2021-22 കാലയളവിലും കൺസൽറ്റൻസി ഫീ നൽകികാണുന്നു. പെലിക്കൺ ഫൗണ്ടേഷനു 2021-22 കാലയളവിൽ താഴെപ്പറയും പ്രാകാരം തുക നൽകികാണുന്നു.

| മാസം | വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| ,5/21 | 22100337/26.6.21 | 50000 | ടിവൌച്ചര്‍പ്രകാരം 4/21,5 /21,എന്നീമാസങ്ങളിലെ ഫീസായ 100000/- രൂപ ഒരുമിച്ച്അനുവദിച്ചിരിക്കുന്നത്.4/21 ലെ തുകയ്ക്കേ ഉത്തരവ് പ്രകാരം അര്‍ഹതയുള്ളൂ.ആയതിനാല്‍ 5/21 ലെ തുക തടസ്സത്തില്‍ വയ്ക്കുന്നു. |
| 6/21,7/21 | 22100707/11.8.21 | 100000 | |
| 8/21 | 22100775/22.8.21 | 50000 | |
| 9/21,10/21 | 22100988/03.11.21 | 100000 | ലഡ്ജർ പ്രകാരം നൽകികാണുന്നു |
| 11/21 | 22101154/13.12.21 | 50000 | ലഡ്ജർ പ്രകാരം നൽകികാണുന്നു |
| 12/21 | 22101819/14.1.22 | 50000 | ലഡ്ജർ പ്രകാരം നൽകികാണുന്നു |
| 01/22 | 22101765/16.2.22 | 50000 | ലഡ്ജർ പ്രകാരം നൽകികാണുന്നു |
| - | 22101820/16.3.22 | 150000 | എതൊക്കെ മാസങ്ങളിലെ എന്ന് രേഖപ്പെടുത്തികാണുന്നില്ല |
| - | 22101766/18.3.22 | 100000 | |
| ആകെ | | 700000 | |

കൺസൽറ്റൻസി കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ

ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും 32/12/12/22മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ഫയൽ പ്രകാരം ആഗസ്റ്റ് മാസം വരെയുള്ള ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കേ പേമെന്റ് ഓർഡർ തയ്യാറാക്കിയിട്ടുള്ളൂ. എന്നാൽ ചെലവിന്റെ ലഡ്ജർ 220520100-professional&others Fee പ്രകാരം 9/21 മുതൽ ടി സ്ഥാപനത്തിന് തുക നൽകികാണുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ഹാജർ രേഖപ്പെടുത്താത്ത കാലയളവിൽ വേതനം നൽകി

22100144/5-5-21,15225/-

ഫയൽ നം.E1-390/19

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസിയറായ സുബിസൈമൺ എന്നയാൾക്ക് 4/21 ലെ വേതനം മേൽ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ടിയാൾ 21/4/21 മുതൽ 29/4/21 വരെ ഹാജർ രേഖപ്പെടുത്തി കാണുന്നില്ല. Permitted To Continue On Duty എന്ന് അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. തുടർന്ന് 30/4/21ൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്റർ റോളിൽ 21,22,23,26,29 എന്നീ ദിവസങ്ങളിൽ ഹാജർ കാണിക്കുകയും 725/- രൂപ നിരക്കിൽ മേൽ വൗച്ചർ പ്രകാരം വേതനം നൽകുകയും ചെയ്തിരിക്കുന്നു. മാത്രമല്ല 15/4/21,30/4/21 എന്നീ തിയ്യതികളിൽ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ മസ്റ്റർ റോളിൽ Absent എന്നും കാണിച്ചിരിക്കുന്നു. ഹാജർ ഇല്ലാത്ത 5 ദിവസങ്ങളിൽ വേതനം നൽകിയതിന്റേയും (5*725), അറ്റൻഡൻസ് രജിസ്റ്ററും മസ്റ്റർ റോളും തമ്മിൽ ബന്ധമില്ലാത്ത വിധം വൗച്ചർ തയ്യാറാക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 3/9.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3625/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-36 വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഓരോ അർധവർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് മുൻ അർധവർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ചട്ടം 8 പ്രകാരം ഓരോ വാഹനത്തിന്റേയും ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ചട്ടം 9 പ്രകാരം വാഹനത്തിൽ കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിനുശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. ഇന്ധനത്തിന്റെ ഉപഭോഗം തുടർച്ചയായി വർധിക്കുന്ന പക്ഷം ഉപയോഗത്തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-48 N 8145(ഈ വാഹനത്തിന്റെ ഫ്യുവൽ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്), KL 48 3027 എന്നീ വാഹനങ്ങളുടെ ലോഗ് പരിശോധിച്ചതിൽ (KL-48 N 8145 എന്ന വാഹനത്തിന്റെ ഫ്യുവൽ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്) മേൽപറഞ്ഞ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. ലോഗ് ബുക്ക് മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ അതിൽ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങളോ ഇന്ധനം നിറച്ചതിന്റെ വിവരങ്ങളോ റിപ്പയർ സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കാതിരുന്നതിനും ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിനും മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 46/13.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 വിനിയോഗ കൈപ്പറ്റ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിൽ നിന്നും നടത്തിയ താഴെപ്പറയുന്ന ചെലവുകളുടെ വിനിയോഗ കൈപ്പറ്റ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | വൗച്ചർനമ്പർ/തീയ്യതി | തുക | തുക നൽകിയത് | ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ |
|---|---|---|---|---|
| 1 | 22100183/15-5-21 | 59422 | പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB വടക്കാഞ്ചേരിയ്ക്ക് നൽകി | കൈപ്പറ്റ് രസീത്,വിനിയേഗവിവരം. ടി തുക അഡ്വാൻസ് ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നതിന് പകരം230300100-Consumption Of Stores എന്ന ചെലവ് ഹെഡ്ഡിൽ ബുക്ക് ചെയ്തിരിക്കുന്നു. |
| 2 | 22100224/18-5-21 | 480000 | മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ്സാനിറ്റേഷൻ കമ്മറ്റിയ്ക്ക് നൽകി | ചെലവ് രേഖകൾ |
| 3 | 22100225/18.5.21 | 135000 | മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ്സാനിറ്റേഷൻ കമ്മറ്റിയ്ക്ക് നൽകി | ചെലവ് രേഖകൾ |
| 4 | 22100239/2.6.21 | 100800 | സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടവ് | അടവാക്കിയതിന്റെ ട്രഷറി ചലാൻ |
| 5 | 22100240/31.5.21 | 233596 | ക്ലീൻ കേരള കമ്പനിയ്ക്ക് മാലിന്യം നീക്കംചെയ്തതിന് നൽകിയ തുക | കൈപ്പറ്റ് രസീത് |
| | ആകെ | 1008818 | | |

രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 50/13-12-2022)

## 1-38 കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള വിതരണം നടത്തിയതിന് തുക നൽകൽ -കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല.

കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള വിതരണം നടത്തിയതിന് ചുവടെ ചേർത്ത പ്രകാരം തുക നൽകിയിട്ടുണ്ട് -കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 22100128/29.04.21 | 266276 |
| 2 | 22100227/25.5.21 | 266276 |
| 3 | 22100880/13.10.21 | 266276 |
| 4 | 22100965/2.11.21 | 266276 |
| 5 | 22101066/25.11.21 | 266276 |
| 6 | 22101198/24.12.21 | 266276 |
| 7 | 22101361/20.01.22 | 532552 |
| 8 | 22101711/27.03.22 | 266276 |
| | ആകെ | 2396484 |

നഗരസഭയിൽ 386 വാട്ടർ ടാപ്പുകൾക്കാണ് തുക നൽകിവരുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ ബിൽ നമ്പർ 61500/10.3.22 പ്രകാരം നഗരസഭയുടെ 28/02/22 വരെയുള്ള കുടിശ്ശക ഫൈൻ ഉൾപ്പെടെ 2,40,72992 /- രൂപയാണ് (23609977+463015). ഇത്രയും തുക കുടിശ്ശിക വരാനുണ്ടായ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും 60/14.12.22 മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരാനുണ്ടായ കാരണവും ഇതിന്റെ തുടർ നടപടികളും, 2396484 രൂപയുടെ കൈപ്പറ്റ് രസീതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 കുടിവെള്ള വിതരണം - അപാകതകൾ

ഫയൽ നമ്പർ PH1-2464/21

15.2.2021-ലെ സഉ.(സാധാ)നം.446/2021/തസ്വഭവ. ഉത്തരവുപ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താഴെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണപ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 1.4.2021 മുതൽ 31.5.2021വരെ ചെലവഴിക്കാവുന്ന തുക |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 11.00 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 16.50 ലക്ഷം |
| കോർപ്പറേഷനുകൾ | 22.00 ലക്ഷം |

ടി ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൌകര്യപ്രദമായ സമയത്ത് വിതരണം ചെയ്യേണ്ടതും ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പ് വരുത്തേണ്ടതുമാണ്. ഖണ്ഡിക 4 പ്രകാരം ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിനുള്ള സംവിധാനവും ജിപിഎസ് ട്രാക്കിങ്ങിനുള്ള സംവിധാനവും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്നും ടി ഉത്തരവിൽ പറയുന്നു.

കുടിവെള്ള വിതരണം സംബന്ധിച്ച് കരാറുകാരുമായി ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ 8 പ്രകാരം ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ലൈസൻസിങ്ങ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം FBO ലൈസൻസുകൾ എടുത്തിട്ടുള്ള ടാങ്കർ ലോറികളിൽ മാത്രമേ കുടിവെള്ളവിതരണം നടത്താൻ പാടുള്ളൂ. വ്യവസ്ഥ 13 പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന ടാങ്കറുകളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട ഡിവിഷൻ കൌൺസിലർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. വ്യവസ്ഥ 19 അനുസരിച്ച് കുടിവെള്ള വിതരണം ആരംഭിച്ച് 15 ദിവസത്തിനു ശേഷം ആദ്യബില്ല് സമർപ്പിക്കാവുന്നതാണ്.

വടക്കാഞ്ചേരി നഗരസഭയിൽ 2021 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളവിതരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ മാർഗ്ഗരേഖ ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 8.11.2010 പ്രകാരം 1 ലക്ഷം രൂപയ്ക്കുമേൽ അടങ്കൽ തുക വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതു പ്രകാരം വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാളം പത്രത്തിലും പരസ്യം ചെയ്യേണ്ടതാണ്. സ.ഉ.(പി)നം.524/15/ധന. തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷമോ അതിൽ കൂടുതലോ ഉള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. നഗരസഭയിലെ കുടിവെള്ള വിതരണം ക്വട്ടേഷൻ അടിസ്ഥാനത്തിലാണ് നടപ്പാക്കിയത്. പത്രപരസ്യം നടത്തിയിട്ടില്ല.

2. 10.3.2021-ലെ സാധാരണ മീറ്റിങ്ങിലെ 10-ാം നമ്പർ തീരുമാനപ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടാങ്കർ ലോറികൾ ഡ്രൈവർ സഹിതം വാടകക്ക് എടുക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 17.3.2021-ലെ PH1-2464/21 നമ്പർ ക്വട്ടേഷൻ പരസ്യപ്രകാരം ജിപിഎസ് ഘടിപ്പിച്ച 4 ലോറികൾ ദിവസവാടകക്ക് ആവശ്യമുണ്ട് എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടാങ്കർ ലോറി ആയിരിക്കണം എന്ന ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭാപരിധിയിൽ മുഴുവനായി കുടിവെള്ളവിതരണം നടത്താമെന്ന് രേഖപ്പെടുത്തിയാണ് കരാറുകാർ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ആൾക്ക് നഗരസഭാ പരിധിയിലെ കുടിവെള്ള വിതരണ കരാർ മുഴുവനായി ഏല്പിച്ചു നൽകുന്നതിനു പകരം ക്വട്ടേഷൻ സമർപ്പിച്ച 8 പേരിൽ

ഒരാൾക്ക് ഒഴികെ ബാക്കി 7പേർക്കും കുടിവെള്ള വിതരണ ചുമതല നൽകിയതായി കാണുന്നു. ക്വട്ടേഷൻ സമർപ്പിച്ചവർ ആരും തന്നെ മൊത്തത്തിൽ കുടിവെള്ള വിതരണത്തിന് തയ്യാറല്ല എന്ന് അറിയിച്ചതായി സെക്രട്ടറി 20.3.2021-ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ക്വട്ടേഷൻ സമർപ്പിച്ചവരുടെ പേര് വിവരവും അവർ ക്വാട്ട് ചെയ്ത നിരക്കും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിരക്ക് |
|---|---|---|
| 1 | ഹരിദാസ് വലിയവളപ്പിൽ | 5000 രൂപ/ദിവസം |
| 2 | ബിജു തൈവളപ്പിൽ | 30 പൈസ/ലിറ്റർ |
| 3 | അരുൺരാജ് | 5000 രൂപ/ദിവസം |
| 4 | അക്ഷയ് | 30 പൈസ/ലിറ്റർ |
| 5 | സുധീർ മുതുകോട്ടിൽ | 5000 രൂപ/ദിവസം |
| 6 | അമൽജിത്ത് | 5000 രൂപ/ദിവസം |
| 7 | രോഹിത്ത് | 41 പൈസ/ലിറ്റർ |
| 8 | രാജേഷ് (സദാനന്ദൻ) | 6000 രൂപ/ദിവസം |

മേൽപറഞ്ഞ 8 പേരിൽ രോഹിത്ത് വർക്കിന് താല്പര്യമില്ല എന്ന് അറിയിച്ചതായും ബാക്കിയുള്ളവർ നെഗോസിയേഷന് തയ്യാറല്ല എന്നറിയിച്ചതായും സെക്ഷൻ ക്ലർക്ക് കുറിപ്പെഴുതിയിട്ടുണ്ട്. രോഹിത്ത് എന്നയാൾ ഒഴികെ ബാക്കി 7 പേർക്കും പ്രവൃത്തി ഏല്പിച്ചു നൽകാൻ അനുമതി നൽകാവുന്നതാണ് എന്ന് 20.3.2021-ൽ സെക്രട്ടറി കുറിപ്പ് എഴുതിയതായി കാണുന്നു. വടക്കാഞ്ചേരി പുഴ/ഗ്രൗണ്ടിലെ കിണറ്റിൽ നിന്നും മുണ്ടത്തിക്കോട് ഭാഗത്തെ സ്വകാര്യവ്യക്തിയുടെ കിണറ്റിൽ നിന്നും വെള്ളമെടുക്കാമെന്നും സ്വകാര്യവ്യക്തിക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള കറന്റ് ചാർജ് വേണ്ടിവരും എന്നും സെക്രട്ടറിയുടെ കുറിപ്പിലുണ്ട്. പ്രതിദിനവാടക 6000 രൂപ എന്ന് ക്വാട്ട് ചെയ്യുകയും നെഗോസിയേഷന് തയ്യാറല്ല എന്ന് അറിയിക്കുകയും ചെയ്ത സദാനന്ദൻ എന്നയാൾക്ക് ഉൾപ്പെടെ 5 പേർക്ക് പ്രതിദിനം 5000 രൂപ നിരക്കിലും 2 പേർക്ക് 30 പൈസ/ലിറ്റർ എന്ന നിരക്കിലും കരാർ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ പരസ്യത്തിൽ പറഞ്ഞ 4 ലോറികൾക്ക് പകരം 7 ലോറികൾക്ക് പ്രവൃത്തി ഏല്പിച്ചു നൽകിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് കുടിവെള്ള വിതരണ ചുമതല മുഴുവനായി ഏല്പിച്ചു കൊടുക്കാതെ വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തവർക്ക് ഉൾപ്പെടെ കരാർ നൽകിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വിശദീകരിച്ചിട്ടില്ല.

ക്വട്ടേഷനിൽ പങ്കെടുക്കാത്ത റിൻഷാദ് എന്നയാൾക്ക് 18810 രൂപയും അജേഷ് എന്നയാൾക്ക് 14850 രൂപയും കുടിവെള്ളവിതരണത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ കാരണം ഫയലിൽ വിശദീകരിച്ചിട്ടില്ല.

3. ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്നാണ് കുടവെള്ളവിതരണം സംബന്ധിച്ച 15.2.2021-ലെ സഉ.(സാധാ)നം.446/2021/തസ്വഭവ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനത്തിന്റെ ട്രിപ്പ് ഷീറ്റോ ജിപിഎസ് ലോഗോ ഹാജരാക്കാതെയും പരിശോധിക്കാതെയുമാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. കരാറുകാരുമായുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 13 പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന ടാങ്കറുകളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട ഡിവിഷൻ കൗൺസിലർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടിയില്ലാതെയാണ് കരാറുകാർക്ക് തുക നൽകിയത്.

4. മുകളിൽ പറഞ്ഞതിൽ അരുൺരാജ് എന്നയാളുടെ KL7 BE 8791 എന്ന വാഹനം മാത്രമാണ് ടാങ്കർ ലോറി. ബാക്കിയുള്ളതെല്ലാം ടിപ്പർ ഇനത്തിൽപ്പെട്ട ലോറികളാണ് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. കുടിവെള്ളവിതരണം നടത്തുന്ന ലോറികളിലേക്ക് പൈപ്പുകളും വാൽവുകളും വാങ്ങിയതിനും പണിക്കൂലി ഇനത്തിലും 37292 രൂപ കലാധരൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. കുടിവെള്ളം വിതരണം നടത്തുന്ന ടാങ്കർ ലോറികളായിരുന്നുവെങ്കിൽ ഈ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

5. സി.പി.ചാക്കുണ്ണി എന്നയാളുടെ കിണറ്റിൽ നിന്നും 82000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട് എന്നും അതിന് 4200 രൂപ നൽകണമെന്നുമുള്ള ടിയാന്റെ 3.5.2021-ലെ അപേക്ഷ പ്രകാരം വൗച്ചർനമ്പർ 22100574/18.8.21 ആയി 4200 രൂപയും, വിപിൻ മോഹൻ എന്നയാളുടെ 26.7.21-ലെ അപേക്ഷ പ്രകാരം ടിയാന്റെ കിണറ്റിൽ നിന്നും 27,10,000 ലിറ്റർ വെള്ളം എടുത്തതിന്റെ പ്രതിഫലമായി 162600 രൂപ വൗച്ചർ നമ്പർ 22100840/7.10.2021 പ്രകാരവും നൽകിയിട്ടുണ്ട്. മേൽപറഞ്ഞ വ്യക്തികളുമായി നഗരസഭക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് യാതൊരു കരാറുകളും ഉള്ളതായി കാണുന്നില്ല. വെള്ളം നൽകുന്നതിന് നഗരസഭ ക്വട്ടേഷൻ വിളിക്കുകയോ ടിയാന്മാർ ക്വട്ടേഷൻ നൽകുകയോ നഗരസഭ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കുടിവെള്ളവിതരണം കരാർ എടുത്തവരാണ് വെള്ളത്തിന്റെ വില നൽകേണ്ടത് എന്ന കാര്യവും പരിഗണിച്ചിട്ടില്ല.

6. കുടിവെള്ള വിതരണം നടത്തിയതിന് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് അധിക വേതനം ഇനത്തിൽ വൌച്ചർ നമ്പർ 22200060/12.4.2022 പ്രകാരം 155700 രൂപ നൽകിയിട്ടുണ്ട്. തൊഴിലാളികൾ ഏതൊക്കെ ദിവസങ്ങളിൽ എവിടെയൊക്കെ അധിക ജോലി ചെയ്തിട്ടുണ്ട് എന്ന വിവരം ഫയലിൽ ഇല്ല. കുടിവെള്ള വിതരണം ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ ചുമതലയാണെന്നിരിക്കെ ഈ പ്രവൃത്തിക്കു വേണ്ടി നഗരസഭാ ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് അധിക വേതനം നൽകിയത് ക്രമപ്രകാരമല്ല.

2021-ലെ കുടിവെള്ള വിതരണ/അനുബന്ധ ചെലവുകൾക്കായി ആകെ ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർനമ്പർ/തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ഇനം |
|---|---|---|---|---|
| 1 | 22100033/13.4.2021 | 50000 | സുധീർ | കുടിവെള്ള വിതരമം |
| 2 | 22100034/13.4.2021 | 50000 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 3 | 22100035/13.4.2021 | 50000 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 4 | 22100036/13.4.2021 | 50000 | അരുൺരാജ് | കുടിവെള്ള വിതരണം |
| 5 | 22100037/13.4.2021 | 50000 | സദാനന്ദൻ | കുടിവെള്ള വിതരണം |
| 6 | 22100038/13.4.2021 | 50000 | ബിജു | കുടിവെള്ള വിതരണം |
| 7 | 22100043/13.4.2021 | 50000 | ഹരിദാസ് | കുടിവെള്ള വിതരണം |
| 8 | 22100189/7.5.2021 | 50000 | സുധീർ | കുടിവെള്ള വിതരണം |
| 9 | 22100190/7.5.2021 | 50000 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 10 | 22100191/7.5.2021 | 50000 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 11 | 22100192/7.5.2021 | 50000 | അരുൺരാജ് | കുടിവെള്ള വിതരണം |
| 12 | 22100193/7.5.2021 | 50000 | സദാനന്ദൻ | കുടിവെള്ള വിതരണം |
| 13 | 22100194/7.5.2021 | 50000 | ബിജു | കുടിവെള്ള വിതരണം |
| 14 | 22100195/7.5.2021 | 50000 | ഹരിദാസ് | കുടിവെള്ള വിതരണം |
| 15 | 22100404/8.7.2021 | 145270 | അരുൺരാജ് | കുടിവെള്ള വിതരണം |
| 16 | 22100405/8.7.2021 | 14850 | അജേഷ് | കുടിവെള്ള വിതരണം |
| 17 | 22100406/8.7.2021 | 18810 | റിൻഷാദ് | കുടിവെള്ള വിതരണം |
| 18 | 22100407/8.7.2021 | 105920 | സുധീർ | കുടിവെള്ള വിതരണം |
| 19 | 22100408/8.7.2021 | 135370 | സദാനന്ദൻ | കുടിവെള്ള വിതരണം |
| 20 | 22100409/8.7.2021 | 143290 | ഹരിദാസ് | കുടിവെള്ള വിതരണം |
| 21 | 22100410/8.7.2021 | 265904 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 22 | 22100411/8.7.2021 | 223284 | ബിജു | കുടിവെള്ള വിതരണം |
| 23 | 22100420/12.7.2021 | 105920 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 24 | 22100574/18.8.21 | 4200 | സി.ഡി.ചാക്കുണ്ണി | കുടിവെള്ളത്തിന്റെ വില |
| 25 | 22100840/7.10.2021 | 162600 | വിപിൻ മോഹൻദാസ് | കുടിവെള്ളത്തിന്റെ വില |
| 26 | 22100533/7.8.2021 | 37292 | എം എൻ കലാധരൻ | കുടിവെള്ളം കൊണ്ടുപോകുന്ന ലോറികളിലെവാൽവ്,പൈപ്പ്ഫിറ്റിംഗ്സ്, കൂലി |
| 27 | 22200060/12.4.2022 | 155700 | നഗരസഭയിലെ കണ്ടിജന്റ് തൊഴിലാളികൾ | കുടിവെള്ളം വിതരണം ചെയ്യുന്നതിനായി അധിക സമയം ജോലി ചെയ്തതിന്റെ പ്രതിഫലം ഇനത്തിൽ നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് നൽകിയത്. |
| 28 | 22100015/19.4.2021 | 150000 | കവിത, JHI | കുടിവെള്ള വിതരണത്തിനായി നഗരസഭയിലെ ജൂനിയർ ഹെൽത്ത് |

| | | | | |
|---|---|---|---|---|
| | | | | ഇൻസ്പെക്ടർ ശ്രീമതി കവിതക്ക് നൽകിയത്. ടി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.ഓഡിറ്റ് തീയതി വരേയും ടി അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. |
| | ആകെ | 2368410 | | |

കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 1650000 രൂപയായിരിക്കെ 718410 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/9.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള വിതരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാടേ അവഗണിച്ചുകൊണ്ടാണ് കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കിയത്. ആയതിനാൽ സർക്കാർ ഉത്തരവു പ്രകാരം ചെലവഴിക്കാവുന്ന തുകയായ 1650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 718410 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. കൂടാതെ കുടിവെള്ള വിതരണം യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്നും പദ്ധതിയിൽ കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-40 കൺസൽട്ടൻസി ചാർജ്ജ് - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല

വടക്കാഞ്ചേരി നഗരസഭയിലെ മിണാലൂർ, ഓട്ടുപാറ എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മാർക്കറ്റ് കോംപ്ലക്സിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റാം ബയോളജിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് താഴെ പറയുംപ്രകാരം 2233361 രൂപ നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക | ഇൻവോയ്സ് നമ്പർ |
|---|---|---|
| 22100082/29.4.21 | 1116504 | 20/2020-21/15.3.21 (2278580) |
| 22100083/29.4.21 | 1116857 | ടി |

ഇതു സംബന്ധിച്ച ഫയൽ PH1-G5-1206/18 പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(പി).നം.524/15/ധന. തീയതി 17.11.2015 പ്രകാരം 5 ലക്ഷം രൂപയ്ക്കു മേൽ എസ്റ്റിമേറ്റ് വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണ്. എന്നാൽ ടി പ്രവൃത്തിക്ക് സാധാരണ ടെണ്ടറാണ് ക്ഷണിച്ചതായി കാണുന്നത്.

2. കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്)നം.69/2018/ഫിൻ. തീയതി 24.2.2018 ഖണ്ഡിക 3.1 പ്രകാരം ഡി.പി.ആർ തയ്യാറാക്കേണ്ടത് പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടിയുള്ള നിർവ്വഹണ ഏജൻസി - സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയിരിക്കണം. ഈ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള എസ്.പി.വി ഇംപാക്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനമാണ്. ഡി പി ആർ തയ്യാറാക്കാനുള്ള ചുമതല മേൽപറഞ്ഞ സ്ഥാപനത്തെ ഏല്പിക്കേണ്ടതായിരുന്നു.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/8.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭിക്കുന്നതു വരെ ചെലവ് തുക 2233361 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 താത്ക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കുന്നില്ല

വടക്കാഞ്ചേരി നഗരസഭയിൽ നിലവിൽ താഴെ പറയും പ്രകാരം 37 ജീവനക്കാർ വിവിധ താത്ക്കാലിക തസ്തികകളിൽ ജോലി ചെയ്തു വരുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1 | രവീന്ദ്രൻ | ഡ്രൈവർ (സെക്രട്ടറി) |
| 2 | അബ്ദുൾ അസീസ് | ഡ്രൈവർ (ചെയർമാൻ) |
| 3 | നിഷ എ യു | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |

| | | |
|---|---|---|
| 4 | മേരീസ് എ കെ | കിയോസ്ക് മെസ്സൻജർ |
| 5 | സിന്ധു സോമൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 6 | വിജി എം പി | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 7 | സീമ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 8 | വിനോജ് | ഡ്രൈവർ (ഹെൽത്ത് സ്ക്വാഡ്) |
| 9 | പ്രമോദ് | ഡ്രൈവർ (ഹെൽത്ത് മാലിന്യം) |
| 10 | ലൂസി | ക്ലർക്ക് (എഞ്ചിനീയറിങ്ങ്) |
| 11 | ശാഖി | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 12 | രാജീവൻ പി എൻ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 13 | സാഹിറ കെ എം | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 14 | രാമാനുജൻ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 15 | രാഹുൽ ദാസ് | അക്കൌണ്ട്സ് അസിസ്റ്റന്റ് |
| 16 | പ്രസാദ് | ഡ്രൈവർ (ആംബുലൻസ്) |
| 17 | മധുസൂദനൻ | ഡ്രൈവർ (ആംബുലൻസ്) |
| 18 | അഖിൽ | ടാക്സ് റിവിഷൻ |
| 19 | ജിഖിൽ | ടാക്സ് റിവിഷൻ |
| 20 | ഷിയാസ് | ടാക്സ് റിവിഷൻ |
| 21 | ശരത്ത് | ടാക്സ് റിവിഷൻ |
| 22 | ശ്രീജ | ടാക്സ് റിവിഷൻ |
| 23 | സുചിത്ര | ടാക്സ് റിവിഷൻ |
| 24 | ആതിര | ടാക്സ് റിവിഷൻ |
| 25 | ഹിമ | ടാക്സ് റിവിഷൻ |
| 26 | പ്രസന്ന | ടാക്സ് റിവിഷൻ |
| 27 | നീതു | ടാക്സ് റിവിഷൻ |
| 28 | അഭിനവ് | ടാക്സ് റിവിഷൻ |
| 29 | ദിവ്യ | ടാക്സ് റിവിഷൻ |
| 30 | ഷൈനി ടി ജെ | ഹോമിയോ അറ്റൻഡർ |
| 31 | സുനിൽ സി ജെ | ഹെൽത്ത് വിഭാഗം |
| 32 | ജയകുമാർ എം സി | ഹെൽത്ത് വിഭാഗം RRT |
| 33 | അഭിജിത്ത് ഇ യു | ഹെൽത്ത് വിഭാഗം RRT |
| 34 | വിനയൻ | ഹെൽത്ത് വിഭാഗം RRT |
| 35 | സിദ്ധാർത്ഥൻ | ഹെൽത്ത് വിഭാഗം RRT |
| 36 | സുബി സൈമൺ | എഞ്ചിനീയറിങ്ങ് വിഭാഗം ഓവർസിയർ |
| 37 | സിന്ധു സോമൻ | എഞ്ചിനീയറിങ്ങ് വിഭാഗം ക്ലർക്ക് |

നഗരസഭയിൽ നിലവിലുള്ള ആകെ റഗുലർ തസ്തികകളുടെ എണ്ണം 24-ഉം ആകെ കണ്ടിജന്റ് തസ്തികകളുടെ എണ്ണം 23-ഉം ആണ്. ആകെ അനുവദിച്ചിട്ടുള്ള 24 റഗുലർ തസ്തികകൾക്ക് പുറമേയാണ് മേൽപറഞ്ഞ പ്രകാരം 37 താത്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഈ താത്ക്കാലിക തസ്തികകൾക്ക് ഒന്നും തന്നെ നിലവിൽ സർക്കാർ അനുമതി ഇല്ലാത്തതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് (കമ്പൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് 1959-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വടക്കാഞ്ചേരി നഗരസഭയിലെ താല്ക്കാലിക നിയമനങ്ങൾ ഒന്നും തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നില്ല എന്ന് കാണുന്നു. 5.2.2014-ലെ ലേബർ & റീഹാബിലിറ്റേഷൻ (G) വകുപ്പിന്റെ 25941/ജി2/2013/LBR നമ്പർ സർക്കുലർ, 26.2.2016-ലെ ജി.ഒ.(പി)നം.28/16/ധന. നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം സർക്കാർ സ്ഥാപനങ്ങളിലെ താത്ക്കാലിക ഒഴിവുകളിൽ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

23.5.2018-ലെ തലപ്പിള്ളി എംപ്ലോയ്മെന്റ് ഓഫീസറുടെ എ1/1230/2018 നമ്പർ കത്ത് പ്രകാരം വടക്കാഞ്ചേരി നഗരസഭ നേരിട്ട് നിയമനം നൽകിയ നിലവിലുള്ള എല്ലാ താത്ക്കാലിക ജീവനക്കാരെയും നിയമപ്രകാരം വിടുതൽ ചെയ്ത് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്ത് നികത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം നഗരസഭ പാലിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 15/9.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ചുകൊണ്ടു മാത്രമേ താത്ക്കാലിക നിയമനങ്ങൾ നടത്തുന്നുള്ളൂ എന്നത് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 മുൻകൂറുകൾ നിയമപ്രകാരമുള്ള സമയപരിധിയ്ക്കകം ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ സമയപരിധി കഴിഞ്ഞും ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ആവശ്യം |
|---|---|---|---|---|
| 1 | 22100076/29.4.21 | 25000 | അംബിക, ഓവർസിയർ | ബെയിലിങ്ങ് മെഷീൻ സ്ഥാപിക്കുന്നതിന് |
| 2 | 22100015/19.4.21 | 150000 | കവിത, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | കുടിവെള്ള വിതരണം |
| 3 | 22100787/28.9.21 | 50000 | പി എൻ രാജീവൻ | ആസാദി കാ അമൃത് മഹോത്സവ് |
| 4 | 22100816/1.10.21 | 50000 | പി എൻ രാജീവൻ | ആസാദി കാ അമൃത് മഹോത്സവ് |
| 5 | 22100959/25.10.21 | 100000 | സാഹിറ കെ എം, JHI | സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം |
| 6 | 22100990/1.11.21 | 12000 | രാമാനുജൻ വി കെ, JHI | മരം മുറിക്കുന്നതിന് |
| 7 | 22101733/1.11.21 | 25000 | രാമാനുജൻ വി കെ, JHI | ഉദ്യാനപാത |
| 8 | 22101245/3.1.22 | 50000 | സുബി സൈമൺ | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുന്നതിന് |
| 9 | 22100279/7.6.2021 | 100000 | പി എൻ രാജീവൻ,JHI | മരം മുറിക്കുന്നതിന് |
| 10 | 22100156/3.5.21 | 2500 | പ്രകാശൻ, ഡ്രൈവർ | വാഹന റിപ്പയർ |
| 11 | 22100187/7.5.21 | 100000 | സുരേഷ് പവിത്രൻ | മഴക്കാല പൂർവ്വ ശുചീകരണം |
| | | 664500 | | |

മുകളിൽ പറഞ്ഞതിൽ പി.എൻ.രാജീവൻ എന്നയാൾക്ക് നൽകിയ അഡ്വാൻസുകൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4.10.2011-ലെ ജി.ഒ.(പി)419/11/ഫിൻ. നമ്പർ ഉത്തരവ് ഖണ്ഡിക 4-I പ്രകാരം അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്.

4-II പ്രകാരം അഡ്വാൻസ് തുക മുഴുവനായി ചെലവഴിക്കാതിരിക്കുകയും ഫൈനൽ ബിൽ യഥാസമയം സമർപ്പിക്കുകയും ചെയ്യുന്ന സംഗതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകക്ക് തുക അഡ്ജസ്റ്റ് ചെയ്യുന്ന ദിവസം വരെ 18% നിരക്കിൽ പിഴപലിശ ഈടാക്കേണ്ടതാണ്.

4-III പ്രകാരം 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും 18% പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ അഡ്വാൻസുകൾ 3 മാസ പരിധിയ്ക്കുകം ക്രമീകരിക്കാത്തതിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ മേൽപറഞ്ഞ അഡ്വാൻസുകളിൽ പലതും നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഓവർസിയർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകിയതാണ്. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അഡ്വാൻസുകൾ അനുവദിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 44/13.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസുകൾ സമയപരിധിയ്ക്കുകം ക്രമീകരിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും വൈകി തീർപ്പാക്കുന്ന സംഗതികളിൽ നിയമപ്രകാരമുള്ള പിഴ പലിശ ഈടാക്കേണ്ടതുമാണ്.

## 1-43 മെഡിക്കൽ ആഫീസർ ( ആയൂർവേദം)കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് ചട്ടം 92 എ I, II എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ നിർവഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 6-12-22 )

## 1-44 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ നിർവഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം. 21 തിയ്യതി 12-12-22 )

## 1-45 പ്രൊജ.നം.471/22 : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -അപാകതകൾ

നി.ഉദ്യോഗസ്ഥൻ പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.സി, വടക്കാഞ്ചേരി

അടങ്കൽ : ₹10,00,000 - ( വികസന ഫണ്ട് )

ബിൽ.നം. 1 തി.23-3-22 ₹10,00,000-

( ഓഡിറ്റ് എൻക്വയറി നം.25തി. 12-12-'22 )

200 പട്ടികജാതി വിദ്യാർത്ഥികൾക്ക് ₹ 5000- വില വരുന്ന മേശ, കസേര ആർട്ട്കോയിൽ നിന്ന് വാങ്ങി നൽകുന്നതാണ് പദ്ധതി. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതി മാർഗരേഖ പ്രകാരം അതത് സ്കൂൾ അധികൃതർ മുഖേന മേശ,കസേര വിതരണം നടത്തേണ്ടതുണ്ടായിരുന്നുവെങ്കിലും എല്ലാ ഗുണഭോക്താക്കൾക്കും നി.ഉദ്യോഗസ്ഥൻ തന്നെയാണ് വിതരണം നടത്തുകയുണ്ടായത്.

2. ബന്ധപ്പെട്ട സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. പട്ടികജാതി വികസന വകുപ്പ് ഉൾപ്പടെയുള്ള മറ്റു വകുപ്പുകളിൽ നിന്ന് മേൽപ്രകാരം ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-46 പ്രൊജ.നം.666/22 : അമൃത് 2.0 നഗരസഭ വിഹിതം നൽകൽ

നി.ഉദ്യോഗസ്ഥൻ സെക്രട്ടറി

അടങ്കൽ : ₹ 90,61,538 - ( ധനകാര്യ കമ്മീഷൻ അവാർഡ്)

വൗ.നം. 32100336 തി.31-3-22 ₹90,61,538-

( ഓഡിറ്റ് എൻക്വയറി നം.18തി. 12-12-22 )

കേരളത്തിലെ 93 നഗരസഭകളിലും സമ്പൂർണമായി കുടിവെള്ളം എത്തിക്കുന്നതിനും അമൃത് സിറ്റികളിൽ ദ്രവമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുമാണ് അമൃത് 2.0 വിഭാവനം ചെയ്തിട്ടുള്ളത്.

2021 ഒക്ടോബറിൽ ആരംഭിച്ച പദ്ധതിക്ക് 29-9-21 ന് നഗരസഭ ഒപ്പുവച്ചു. ഇക്കാര്യത്തിലുള്ള അടങ്കൽ തുക താഴെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്ര വിഹിതം | ₹ 10.04 കോടി |
| സംസ്ഥാന വിഹിതം | ₹ 7.53 കോടി |
| നഗരസഭാ വിഹിതം | ₹ 2.51 കോടി |
| ആകെ | ₹ 20.08 കോടി |

അടങ്കൽ തുക താഴെ ചേർക്കുന്നതു പ്രകാരം ചെലവഴിക്കുന്നതിനു നഗരസഭാ കൗൺസിൽ 18-4-22 ലെ 30-ാം നമ്പർ പ്രകാരം തീരുമാനിക്കുകയുണ്ടായി.

| | |
|---|---|
| KWAകുടിവെള്ളവിതരണം ശക്തിപ്പെടുത്തുന്നതിന് | ₹ 10.04 കോടി |
| ചാത്തൻ ചിറ കുടിവെള്ള പദ്ധതി | ₹ 6.0 കോടി |
| പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി | ₹ 6.0കോടി |
| നീലിയറ കുടിവെള്ള പദ്ധതി | ₹ 4.08 കോടി |
| ആകെ | ₹ 20.08 കോടി |

അമൃത് മിഷൻ ഡയറക്ടറുടെ നിർദേശാനുസരണം ഇന്ത്യൻ ബാങ്കിൽ 7020223475 നമ്പറായി അക്കൗണ്ട് ആരംഭിക്കുകയും നഗരസഭാ വിഹിതത്തിന്റെ ആദ്യ ഗഡു ₹ 90,61,538 – ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയുമുണ്ടായി. 29-9-22 ലെ 4-ാം നമ്പർ തീരുമാനമനുസരിച്ച് ചെറുകിടകുടിവെള്ള പദ്ധതികളുടെ DPR തയ്യാറാക്കുന്നതിന് CWRDM നെ ചുമതലപ്പെടുത്തി.

ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രധാനമായും 3 ചെറുകിടകുടിവെള്ള പദ്ധതികളിലൂടെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കുടിവെള്ള സ്രോതസ്സ് ആവശ്യത്തിന് ജലലഭ്യത/അനുയോജ്യത എന്നിവ ഉറപ്പു വരുത്തിയതിനുള്ള രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായ നഗരസഭയെന്ന നിലയിൽ മേൽപ്രകാരം പ്രൊജക്ട് തുക കാര്യക്ഷമമായും മുഴുവനായും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 മിണാലൂർ വനിതാ വിപണന കേന്ദ്രം ഇലക്ട്രിക്കൽ പ്രവൃത്തികൾ - എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല, ക്വട്ടേഷൻ വിളിച്ചില്ല

നഗരസഭയുടെ മിണാലൂർ വനിതാ വിപണന കേന്ദ്രത്തിന്റെ മീറ്റർ സ്ഥാപിക്കുന്നതിന്റെ ഇലക്ട്രിക്കൽ ജോലികൾക്കായി തനത് ഫണ്ടിൽ നിന്നും എം. എൻ കലാധരൻ എന്നയാൾക്ക് വൗച്ചർ നമ്പർ 22100079/29.4.2021 പ്രകാരം 47640 രൂപ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ ഇ-1/4593/21, ബന്ധപ്പെട്ട വൌച്ചറുകൾ എന്നിവ പരിശോധിച്ചതിൽ ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ മാർഗ്ഗരേഖ ജി.ഒ.(പി)259/2010 /തസ്വഭവ. തീയതി 8.11.2010 പ്രകാരം 5000 രൂപ മുതൽ 50000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് നഗരസഭയിലെ ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-48 ആസാദി കാ അമൃത് മഹോത്സവ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 204508 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ PH1-10708/21

ആസാദീ കാ അമൃത് മഹോത്സവ് എന്ന പരിപാടിക്കായി തനത് ഫണ്ടിൽ നിന്നും താഴെ പറയുംപ്രകാരം 206508 രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22100787/28.9.21 | 50000 |
| 22100816/1.10.21 | 50000 |
| 22101116/1.11.21 | 76275 |
| 22101439/15.2.2022 | 30233 |
| ആകെ | 206508 |

മേൽപറഞ്ഞ ഫയൽ, ചെലവ് സാധൂകരിക്കുന്ന വൗച്ചറുകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 55/13.12.2022 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ഫയൽ ലഭ്യമാക്കി. ഫയൽ പരിശോധിച്ചതിൽ അക്ഷരം അഡ്വർട്ടൈസിങ്ങ് എന്ന സ്ഥാപനത്തിന്റെ 1000 രൂപയുടെ 2 ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. മറ്റ് ചെലവുകളുടെ ബില്ലുകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവിൽ ബില്ലുകൾ ഹാജരാക്കിയ 2000 രൂപ കഴിച്ച് ബാക്കി 204508 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ റിപ്പാർട്ട് ലഭിച്ച് 2 മാസത്തിനകം ചെലവിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 1-49 ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചു

വൗച്ചർ നമ്പർ 22100900/1.10.2021 പ്രകാരം 5516 രൂപ യൂണിഫോം അലവൻസായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആംബുലൻസ് ഡ്രൈവർ ശ്രീ പ്രസാദ് പി വി എന്നയാൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ സേവനത്തിലുള്ള ഡ്രൈവർമാർക്ക് അനുവദനീയമായ യൂണിഫോറം അലവൻസ് 2700 രൂപയാണ്. ഇത് ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ബാധകമല്ല. ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാന് യൂണിഫോറം അലവൻസായി 5516 രൂപ അനുവദിച്ചത് എന്ന് ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 57/13.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-50 മിന്നൽരക്ഷാ ചാലകം സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

മിന്നൽരക്ഷാ ചാലകം സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി താഴെ പറയും പ്രകാരം 147196 രൂപ സുബി സൈമൺ എന്ന താത്ക്കാലിക ജീവനക്കാരിക്ക് നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22100473/26.7.21 | 100000 |
| 22100748/20.9.21 | 47196 |

ഇതിൽ 100000 രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയതാണ്. ഇതു സംബന്ധിച്ച ഫയൽ E1-8279/21 ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വൗച്ചർ പരിശോധിച്ചതിൽ ലോംഗ് ലൈഫ് പവർ സൊല്യൂഷൻസ്, നിലമ്പൂർ എന്ന സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് മാത്രം ഹാജരാക്കിയതായി കാണുന്നു. ഇതു സംബന്ധിച്ച താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

1. മിന്നൽ രക്ഷാ ചാലകം സ്ഥാപിച്ചത് എവിടെ എന്ന വിവരം

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം.

3. ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരം.

4. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു എന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം.

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 56/13.12.2022 പ്രകാരം

ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 വൗച്ചറുകളും ഫയലും ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ഫയലുകളും വൗച്ചറുകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. (തനത് ഫണ്ട്)

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | ഫയൽ നമ്പർ | തുക |
|---|---|---|---|
| 1 | 22100240/31.5.21 | PH1/1356/20 | 233956 |
| 2 | 22100293/11.6.21 | E1(PH1)2237/20 | 12096 |
| 3 | 22101732/1.10.21 | R1 | 2100 |
| 4 | 22100947/25.10.21 | PC1/8972/21 | 148960 |
| 5 | 22101055/25.11.21 | G1/13184/21 | 9000 |
| 6 | 22101192/17.12.21 | R2/13536/21 | 40763 |
| 7 | 22101220/17.12.21 | PH1/5238/21 | 1400 |
| 8 | 22101282/3.1.2022 | PC1-13827/21 | 11400 |
| 9 | 22101292/5.1.2022 | A1-12584/19 | 7500 |
| 10 | 22101293/5.1.2022 | A1-12584/19 | 10000 |
| 11 | 22101296/5.1.2022 | R3-14320/21 | 36200 |
| 12 | 22101314/5.1.2022 | E1-7728/21 | 182083 |
| 13 | 22101315/5.1.2022 | E1-7728/21 | 99985 |
| 14 | 22101316/5.1.2022 | PC1-974/19132 | 4957 |
| 15 | 22101346/5.1.2022 | E1-13851/21 | 1768 |
| 16 | 22101752/5.1.2022 | PH1-5238/21 | 7350 |
| 17 | 22101753/5.1.2022 | PH1-5238/21 | 2600 |
| 18 | 22101450/18.2.2022 | R2-15369/21 | 14986 |
| 19 | 22100712/10.9.2021 | PC1-5773/21 | 201700 |
| 20 | 22100726/15.9.2021 | PC1-8352/19 | 56400 |
| | ആകെ | | 1085204 |

ഓഡിറ്റ് അന്വേഷണം നമ്പർ 10/9.12.2022, 4/7.12.2022 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്ത വൗച്ചറുകളും ഫയലുകളുമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നവ പരിശോധിച്ച് പ്രത്യേക റിപ്പോർട്ടായി പുറപ്പെടുവിക്കുന്നതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം രേഖകൾ ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 1-52 മുകുന്ദരാജ സാംസ്കാരികോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഫയൽ നമ്പർ PC1-229/2022

വൗച്ചർ നമ്പർ 22101739/24.1.2022 പ്രകാരം 300000/- രൂപ മുകുന്ദരാജ സാംസ്കാരികോത്സവം എന്ന പരിപാടിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 41/12.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വൗച്ചർ പരിശോധിച്ചതിൽ ആകെ 44660 രൂപയുടെ വൗച്ചറുകൾ മാത്രമാണ് കാണുന്നത്. 10.12.2021-ലെ 10-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം മുകുന്ദരാജ സാംസ്കാരികോത്സവത്തിന് 300000 രൂപ ചെലവഴിക്കാനും ആയതിന് സർക്കാർ സാധൂകരണം വാങ്ങാനും തീരുമാനിച്ചു എന്ന് വൗച്ചറിനോടൊപ്പമുള്ള കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതി ലഭ്യമായതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. സർക്കാർ സാധൂകരണം, ഹാജരാക്കാൻ ബാക്കിയുള്ള 255340 രൂപയുടെ വൗച്ചറുകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 52/13.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി

ലഭ്യമാക്കിയില്ല. വൗച്ചറുകൾ, സർക്കാർ അനുമതി എന്നിവ ലഭ്യമാക്കുന്നതുവരെ ആകെ ചെലവ് 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നവ പരിശോധിച്ച് പ്രത്യേക റിപ്പോർട്ടായി പുറപ്പെടുവിക്കുന്നതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം വൗച്ചറുകൾ ഹാജരാക്കാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 1-53 മരം, മരങ്ങളുടെ ശിഖരം എന്നിവ മുറിക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല

നഗരസഭയുടെ കീഴിലെ വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിലുള്ള മരങ്ങളും മരങ്ങളുടെ ശിഖരങ്ങളും മുറിക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 215250 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 125500 രൂപയും രാജീവൻ പി എൻ, JHI (ദിവസക്കൂലി) എന്നയാൾക്ക് അഡ്വാൻസ് ആയി അനുവദിക്കുകയും തുടർന്ന് വേണു എന്നയാൾക്ക് മരം മുറിച്ചതിന് പ്രതിഫലമായി അനുവദിക്കുകയും ചെയ്തതാണ്. ഫയൽ പരിശോധിച്ചതിൽ വേണു എന്നയാളുടെ കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഹാജരാക്കിയത്. എവിടെ നിന്നിരുന്ന മരമാണ്, ആരുടെ പരാതിപ്രകാരമാണ് മരം മുറിക്കാൻ തീരുമാനിച്ചത്, പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം, കരാർ, തൊഴിലാളികളുടെ മസ്റ്റർ റോൾ, പ്രവൃത്തി തൃപ്തികരമായി നിർവ്വഹിച്ചു എന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 47/13.12.2022-ന് മറുപടിയും ഫയൽ നമ്പർ PH1-6180/21 -ഉം ഹാജരാക്കി. ഫയലിൽ കൌൺസിൽ തീരുമാനവും ബന്ധപ്പെട്ട വാർഡ് കൌൺസിലർമാരുടെ പ്രവൃത്തി നടത്തി എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ, എസ്റ്റിമേറ്റ്, പരാതിയുടെ വിവരം, തൊഴിലാളികളുടെ മസ്റ്റർ റോൾ എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കുന്നതും ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾ ഇല്ലാതെ ഇത്തരം പ്രവൃത്തികൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം/പ്രൊജക്റ്റ് നിർവ്വഹണം

(ഓഡിറ്റ് എൻക്വയറി നം.20/12.12.2022)

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്റ്റുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയതുക | നടപ്പാക്കിയത് /ചെലവഴിച്ചതുക | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്റ്റുകൾ | 386 | 179 | 46.37% |
| തുക | ₹12,65,42,611- | ₹4,50,76,970- | 35.62% |

അംഗീകാരം കിട്ടിയ പ്രൊജക്റ്റുകളിൽ 46.37%പ്രൊജക്റ്റുകളിൽ മാത്രമാണ്

തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 35.62% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

ഇതിൽ തന്നെ തനതുഫണ്ട് വകയിരുത്തി ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്റ്റുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയതുക | നടപ്പാക്കിയത് /ചെലവഴിച്ചതുക | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്റ്റുകൾ | 131 | 27 | 20.61% |
| തുക | ₹3,42,46,152- | ₹95,00,373- | 27.74% |

ആകെ ₹95,00,373- ചെലവു ചെയ്തതതിൽ ₹ 29,82,820- പുതിയ ആഫീസ് കെട്ടിടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കു വേണ്ടിയുള്ളതായിരുന്നു. തനതുഫണ്ട് യാഥാർത്ഥ്യബോധത്തോടെയല്ലാതെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

തനതു ഫണ്ടു വകയിരുത്തി ചെലവു ചെയ്യാതെ ഒഴിവാക്കിയ പ്രൊജക്റ്റുകൾക്ക് പകരം പ്രൊജക്റ്റുകൾ ചെയ്തിട്ടുണ്ടെന്നാണ് മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. ഇത് പൂർണമായും ശരിയല്ലായെന്ന് ഓഡിറ്റിൽ കണ്ടു. മേൽ കാര്യങ്ങൾ ആവശ്യമായ തിരുത്തൽ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-55 പ്രൊജ.നം.573/22 : സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്--അപാകതകൾ

അടങ്കൽ : ₹ 21,15,581 - ( മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്സ് )

നി.ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

വൗ.നം. 20 തി.12-1-22 ₹ 34,965-
വൗ.നം. 25 തി.5-2-22 ₹ 1,52,850-
വൗ.നം. 43 തി..7-3-22 ₹ 1,47,950-
വൗ.നം. 44 തി..7-3-22 ₹ 13,40,519-
വൗ.നം. 58 തി..22-3-'22 ₹ 48,203-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.30തി. 12-12-22 )

19-20 ലെ തെരുവു വിളക്ക് മെയിന്റനൻസ് കരാറുകാരൻ ശ്രീ.ഷൈജു സി.എഫ് ന്റെ കരാർ കാലാവധി തീർന്ന സാഹചര്യത്തിൽ 25-11-21 ലെ1- ാം നം. കൗൺസിൽ തീരുമാന പ്രകാരം തെരുവു വിളക്ക് മെയിന്റനൻസിന് തുക നേരിട്ട് ചെലവഴിക്കുന്നതിനു തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ പ്രൊജക്റ്റു പ്രകാരം ₹17,24,487- ചെലവഴിച്ചതായും പ്രൊജക്റ്റില്ലാതെ താഴെ ചേർക്കുന്നതു പ്രകാരം ₹11,62,980- തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

| വൗ.നം./തിയ്യതി | ചെലവിന്റെ വിശദവിവരങ്ങൾ | ചെലവു തുക |
|---|---|---|
| 22100832/ 5-10-21 | Pride Electricals,Paralam- ബസ് സ്റ്റാൻഡ് മുതൽ ROB വരെ തെരുവു വിളക്കുകൾക്ക് ചെലവ് | ₹ 36,875- |
| 22101210/ 15-12-21 | തെരുവുവിളക്കുകൾക്ക് കൂലി ചെലവ്--ശ്രീ.മുസ്തഫ, പടലക്കാട്ടിൽ | ₹ 4,99,000- |
| 22101325/ 13-12-21 | ഗ്രീൻമൈത്രി പ്യൂപ്പിൾസ് ബസാർ,പെരിങ്ങണ്ടൂർ --വൈദ്യുതികരണോപകരണങ്ങൾക്ക് ചെലവ് | ₹ 4,32,000- |
| 22101353/ 20-1-22 | സർക്യൂട്ട് ടെക്നോളജി, പെരിഞ്ഞനം- ഓട്ടോമാറ്റിക്/സെമി-ഓട്ടോമാറ്റിക് ബോർഡ്ചെലവ് | ₹ 1,46,902- |
| 22101417/ 9-2-22 | ന്യൂസ്റ്റാർ ഇലക്ട്രോണിക്സ്, കുന്നംകുളം-- സെൻസറുകൾ വാങ്ങിയത് | ₹ 48,203- |
| ആകെ | | ₹11,62,980- |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 51 (2 ) പ്രകാരം പദ്ധതി ചെലവുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ മാത്രമാണ് നടത്തേണ്ടത്. ചെലവഴിച്ചതായും പ്രൊജക്റ്റ് തയ്യാറാക്കാതെ തുക ചെലവഴിച്ചത്പദ്ധതി ആസൂത്രണ മാർഗരേഖകളുടെ ലംഘനമാണ്.

2. ദിവസവേതനക്കാരാണ് നിലവിൽ തെരുവുവിളക്ക് മെയിന്റനൻസ് ചെയ്തു വരുന്നത്. വൈദ്യുതോപകരണസാധനസാമഗ്രികളുടെ സ്റ്റോക്ക് പരിപാലിക്കുന്നതും ഇവർ തന്നെയാണ്. ഇപ്രകാരം സ്റ്റോക്ക് രജിസ്റ്റർ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരും തന്നെ സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ ദിവസവേതനക്കാരുടെ ജോലി സൂപ്പർവൈസ് ചെയ്യുന്നതിനുള്ളയാളെയും ദിവസവേതനത്തിന് നിയമിച്ചിട്ടുള്ളതായി കണ്ടു.

3. വൈദ്യുതോപകരണസാധനസാമഗ്രികൾ സ്റ്റോക്ക് ചെയ്തു വരുന്നത് മുണ്ടത്തിക്കോട് സോണൽ ആഫീസിൽ ആണെന്ന് അറിയുന്നതിനു സാധിച്ചു. വൈദ്യുതോപകരണസാധനസാമഗ്രികളുടെ സ്റ്റോക്ക് നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരുടെയും ഉത്തരവാദിത്തത്തിലല്ലായെന്നും പരിശോധനയിൽ കണ്ടു.

5. മെയിന്റനൻസ് വേളയിൽ മാറ്റുന്ന വൈദ്യുത സാമഗ്രികൾ സ്ക്രാപ്പ് റജിസ്റ്ററിൽ ചേർത്തു സൂക്ഷിച്ചിട്ടില്ല. സ്ക്രാപ്പുകൾ ലേലം ചെയ്തു വിൽക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് നൽകേണ്ടതുമാണ്.

6. സ.ഉ. 17/18 ത.സ്വ.ഭ.വ തി. 2-2-18 ഖ. 13-6 പ്രകാരം മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്സ് കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളുടെ പരിപാലനത്തിനും, ഇവിടെക്കാവശ്യമായ സാധനസാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വിനിയോഗിക്കേണ്ടതാണ്. ഈ നിർദേശങ്ങൾക്കു വിരുദ്ധമായിട്ടാണ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്സ് ഇപ്പോൾ ഉപയോഗിച്ചിട്ടുള്ളത്.

7. സ.ഉ. (സാധ) 2330/2018 ത.സ്വ.ഭ.വ തി.31-8-16 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നു മാത്രമാണ് ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ LED ഉൾപ്പെടെയുള്ള തെരുവു വിളക്കുകൾ മാത്രമാണ് വാങ്ങാൻ അനുമതിയുള്ളത്. എന്നാൽ ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ LED ഉൾപ്പെടെയുള്ള തെരുവു വിളക്കുകളും കൂടാതെ മറ്റു അനുബന്ധ വൈദ്യുത സാമഗ്രകളും ഗ്രീൻ മൈത്രി പ്യൂപ്പിൾസ് ബസാർ, പെരിങ്ങണ്ടൂർ, ന്യൂസ്റ്റാർ ഇലക്ട്രിക്കൽസ്, കുന്നംകുളം എന്നിവിടങ്ങളിൽ നിന്ന് വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവു ചെയ്തതിൽ വിശദീകരണം നൽകേണ്ടതാണ്

## 1-56 പ്രൊജ.നം.585/22 : ഉത്രാളിക്കാവ് പൂരം താല്ക്കാലിക വിളക്ക്--അപാകതകൾ

അടങ്കൽ : ₹ 3,00,000- (തനതു ഫണ്ട്)

നി.ഉദ്യോഗസ്ഥൻ അസി. എഞ്ചിനീയർ

വൗ.നം.22101723 തി. 27-3-22

കരാറുകാരൻ ശ്രീ.ഷൈജു സി.എഫ്

കരാർ നം./തിയ്യതി 171/21-22 AE LSGD WKY Mty തി.15-2-22

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.28തി. 12-12-22)

ഊത്രാളിക്കാവ് പൂരത്തിന് താല്ക്കാലിക വിളക്ക് ഏർപ്പാടാക്കി തുക ചെലവു ചെയ്തിട്ടുള്ളതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 1994 ലെ കേരള മുനിസിപ്പൽ ആക്റ്റ് വകുപ്പ് 333 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ ഏതെങ്കിലും തീർത്ഥാടന സ്ഥലങ്ങൾ സ്ഥിതി ചെയ്യുകയും വർഷം മുഴുവനുമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ ആകർഷിക്കുകയോ ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതുരക്ഷക്കോ സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ താൽക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുനിസിപ്പാലിറ്റി ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ദേവസ്വം ഭാരവാഹികളോട് മുനിസിപ്പാലിറ്റിയിലേക്ക് സർക്കാർ നിശ്ചയിച്ച അംശാദായം നല്കേണ്ടതാണ്. എന്നാൽ മേൽ സംഗതിയിൽ അംശാദായം നിശ്ചയിച്ചു തരുന്നതിനു സർക്കാരിനോട് ആവശ്യപ്പെടുകയോ ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2. ജി.ഒ(എം.എസ്)നമ്പർ 4/2018 ത.സ്വ.ഭ.വ 01-01- 2018 പ്രകാരം മുനിസിപ്പൽ എഞ്ചിനിയർ നടപ്പിലാക്കേണ്ട ഒരു പ്രൊജക്റ്റല്ലായിത് എന്നിട്ടും മുനിസിപ്പൽ എഞ്ചിനിയർ ഇക്കാര്യത്തിൽ തുക ചെലവഴിക്കാനിട വന്നിരിക്കുന്നു.

3. പ്രവൃത്തിക്കുവേണ്ടി അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല

4. വിളക്ക് ഒന്നിന് ₹ 320- നിരക്കിൽ 769 എണ്ണം ₹ 2,46,080- ചെലവിൽ താല്ക്കാലികമായി സ്ഥാപിക്കുന്നതിനാണ് കരാറുകാരൻ ഏറ്റിരുന്നത്. അതായത് PAC തുക ₹ 2,46,080- ആണ്. എന്നാൽ കരാറുകാരന് ₹ 267612- ( പരിമിതപ്പെടുത്തിയ തുക ) നല്കിയിട്ടുണ്ട്. PAC തുക യിലും ₹ 21,532- അധികം ചെലവഴിച്ചിട്ടുണ്ട്

5. (എ)സർക്കാർ സർക്കുലർ 18/2019 ഫിൻ തി. 1-3-2019 പ്രകാരം പ്രത്യേകം തുക വകയിരുത്തിയെങ്കിൽ മാത്രമാണ് GST ഇനത്തിൽ തുക ചെലവഴിക്കാൻ സാധിക്കുന്നത്. ഇപ്രകാരം തുക വകയിരുത്താതെ ₹ 32113- ( 267612 X 12% ) തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ബന്ധപ്പട്ട കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ജി.എസ്.ടി ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല.
ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. കരാറുകാരൻ ജി.എസ്.ടി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്

## 1-57 പ്രൊജ.നം. 267/21-22 കുമ്പളങ്ങാട് വിൻഡ്രോ കമ്പോസ്റ്റിങ് യാർഡ് നിർമാണം

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 653562- ( കേന്ദ്രാവിഷ്കൃതം )

₹ 313044- ( സംസ്ഥാനാവിഷ്കൃതം )

സാങ്കേതികാനുമതി - LSGD TS 19-20 145073 തി. 17-8-19 ₹ 39,97,879.72

ശുചിത്വ മിഷൻ സാങ്കേതികാനുമതി --ഇല്ല

കരാർ നം.-തി. 113/19-20 തി. 30-3-20

കരാറുകാരൻ പ്രദീപ് കുമാർ കെ.ബി

പി.എ.സി. തുക ₹ 32,14,769.67

വൗ.നം. 22100575 തി.18-8-21

അളവുപുസ്തകം - 201/19-20, 91/20-21

ഓഡിറ്റ് എൻക്വയറി നം. 27തി. 12-12-22

മേൽകാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു

1.ശുചിത്വ മിഷൻ നൽകിയ കമ്പോസ്റ്റിങ് യൂണിറ്റിന്റെ ഡി.പി.ആർ തുക ₹ 39,70,000- ആയിരുന്നു ₹ 36,38,630- ചെലവഴിച്ചുവെങ്കിലും വിന്ഡ്രോ കമ്പോസ്റ്റിങ് യൂണിറ്റ് പ്രവർത്തന ക്ഷമമായിട്ടില്ല.

2. പ്ലാന്റിന് ശുചിത്വ മിഷൻ സാങ്കേതികാനുമതി നല്കിയിട്ടില്ല.

3. കത്ത് നം. 693/DSM/SWM 2/19-20 തി. 30-8-19 പ്രകാരം സാങ്കേതികാനുമതിക്കായി ശുചിത്വ മിഷന് എഴുതിയിരുന്നുവെങ്കിലും ശുചിത്വ മിഷൻ കത്ത് നം. 1459/C2 2017 തി. 28-9-19 പ്രകാരം സാങ്കേതികാനുമതി നല്കിയിട്ടില്ലായെന്നു മാത്രമല്ല ആയത് അനുവദിക്കുന്നതിന് താഴെ ചേർക്കുന്നതു പ്രകാരം അപാകതകൾ തീർക്കുന്നതിന് ആവശ്യപ്പെടുകയുമുണ്ടായി.

(എ ) നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പ്ലാന്റിന്റെ ശേഷി വ്യക്തമാക്കിയിട്ടില്ല.

(ബി) കെട്ടിട നിർമാണം കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല.

(സി) ശുചിത്വ മിഷൻ നല്കിയ 3 ടൺ ശേഷിയുള്ള പ്ലാന്റിന്റെ ഡി.പി.ആർ പ്രകാരം 360-400 ച.മീ ഏരിയായിലുള്ള ഷെഡ് മതിയാകുമെന്നിരിക്കേ 759.78 ച.മീ ഏരിയായിലുള്ള ഷെഡ് നിർമിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) വിന്ഡ്രോ കമ്പോസ്റ്റിങ് ഷെഡിൽ ലീചെറ്റ് ഡ്രെയിൻ വിഭാവനം ചെയ്തിട്ടില്ല.

(ഇ)വിന്ഡ്രോ കമ്പോസ്റ്റിങ് ഷെഡിലേക്കാവശ്യമായ Shredding Machine, Rotary Manual/motorized Sieving Machine, Tromme Weighing Machine,stitching Machine, Slurry Sump എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എഫ് ) പ്ലമ്പിങ്/വൈദ്യുതീകരണ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ശുചിത്വ മിഷൻ ചൂണ്ടിക്കാണിച്ച അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു.

4. സർക്കാർ സർക്കുലർ ഇ2 12509/16 സി.ഇ.എൽഎസ്.ജി.ഡി തി.19-1-17 പ്രകാരം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമാണം നടത്തേണ്ടതാണെന്നും അല്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആയതിന് ഉത്തരവാദികളായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ശുചിത്വ മിഷൻ നല്കിയ 3 ടൺ ശേഷിയുള്ള പ്ലാന്റിന്റെ ഡി.പി.ആർ പ്രകാരം ₹ 39,70,000-ചെലവിൽ വിന്ഡ്രോ കമ്പോസ്റ്റിങ് യൂണിറ്റ് യാഥാർത്ഥ്യമാകുമായിരുന്നുവെങ്കിലും ₹ 36,38,630- ചെലവഴിച്ചിട്ടും മേൽ സൂചിപ്പിച്ചതു പ്രകാരം പ്രവൃത്തികളും യൂണിറ്റിനാവശ്യമായ മെഷിനറികളും ഇനിയും വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിലും ₹ 36,38,630- ചെലവഴിച്ചിരിക്കുന്നു.

5.ശുചിത്വ മിഷൻ ഡി.പി.ആർ പ്രകാരം ₹ 39,70,000-ചെലവിൽ വിൻഡ്രോ കമ്പോസ്റ്റിങ് യൂണിറ്റ് യാഥാർത്ഥ്യമാകുമായിരുന്നുവെങ്കിലും ഓഡിറ്റ് കാലയളവിൽസെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രൊജ.99/22 വിൻഡ്രോ കമ്പോസ്റ്റിങ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കൽ എന്ന പേരിൽ മറ്റൊരു പ്രൊജക്ട് തയ്യാറാക്കി 12-1-22 ൽ നം. 8 ആയി SEUF മായി കരാറിലേർപ്പെട്ട് ₹48,43,930- വകയിരുത്തി ₹ 41,37,267- ( ₹ 9,68,787-വൗ.നം.22101758/15-1-22 + ₹ 10,36,000-വൗ.നം.22101761/19-3-22 + ₹ 21,32,480- വൗ.നം.22101763/24-3-22 )ചെലവുചെയ്തിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

SEUF നല്കിയ പ്രവർത്തന കലണ്ടർ അനുസരിച്ച് കരാറിലേർപ്പെട്ട് 8 മാസത്തിനകം അതായത് 12-9-22 ൽ കമ്പോസ്റ്റിങ് യൂണിറ്റ് പൂർത്തയാകേണ്ടിയിരുന്നു. SEUF ലഭ്യമാക്കിയിരുന്ന Activity Plan ലെ ഘടകങ്ങൾ താഴെ ചേർക്കുന്നതാണ്.

( 1 ) Preparation Of DPR

( 2) Project Approval ( AS,TS )

( 3) Procurement Of Service Of Accredited Agency

( 4) Modification Of Existing Building As Per Lay Out Plan

( 5) Installation Of Machineries

( 6) Commencement Of Project

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊജക്ടു പ്രകാരം 6-ാമത്തെ ഘടകമായ വിൻഡ്രോ കമ്പോസ്റ്റിങ് യൂണിറ്റ് പ്രവർത്തന ക്ഷമമാകൽ ഒഴിച്ച് ബാക്കിയെല്ലാം പൂർത്തിയായിട്ടുള്ളതാണ്. ഇതിനു പുറമെയാണ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി മറ്റൊരു പ്രൊജക്ടു നടപ്പാക്കി ചെലവഴിച്ചിട്ടുള്ളത്. ₹ 39,70,000- ചെലവിൽ യാഥാർത്ഥ്യമാകേണ്ടിയിരുന്ന വിൻഡ്രോ കമ്പോസ്റ്റിങ് യൂണിറ്റിന് ₹ 77,75,897- (₹ 36,38,630 + ₹ 41,37,267) ചെലവഴിച്ച സാഹചര്യമാണു നിലവിലുള്ളത്.

5. അളവുപുസ്തകം - 91/20-21 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അളവുപുസ്തകം - 91/20-21 പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്

## 1-58 പ്രൊജ.നം.17/22 : പുതിയ ആഫീസ് കെട്ടിടം മെയിന്റനൻസ്--അപാകതകൾ

അടങ്കൽ : ₹30,00,000 - ( തനതു ഫണ്ട് )

സാങ്കേതികാനുമതി -ഇല്ല

കരാർ നം.-36 A 2021-22/AE LSGD WKY Municipality തി. 16-9-21

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 29,82,820-

വൗ.നം. 22100875 തി. 7-10-21 ₹ 29,82,820-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.31തി.12-12-22 )

മേൽ പ്രൊജക്റ്റ പ്രകാരം നഗരസഭയിലെ പെയിന്റിങ്/ഇലക്ട്രിക്കൽ - പ്ലമ്പിങ് പ്രവൃത്തികൾ എന്നിവയോടൊപ്പം എക്സിക്യൂട്ടിവ് കസേരകൾ സോഫ എന്നിയിനങ്ങളും ചില ഫർണിഷിങ് പ്രവൃത്തികൾ എന്നിവയും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങൾ പോലും പാലിക്കാതെ ആർട്ട്കോ വഴി നിർവ്വഹിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അപാകതകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ദ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തി 'ആർട്ട്കോ'യെ ഏൽപ്പിച്ചു കാണുന്നു.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന്ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ. (സാധാ) നം.2092/2018 ത.സ്വ.ഭ.വ തി.1-8-2018 പ്രകാരം ആർട്ട്കോ'യിലെ ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചില ഫർണിഷിങ് പ്രവൃത്തികൾ എക്സിക്യൂട്ടിവ് കസേരകൾ സോഫ എന്നിയിനങ്ങളുടെ വാങ്ങൽ എന്നിവയുടെ മറവിൽ ജിപ്സം സീലിങ്ങ്, പെയിന്റിങ്/ഇലക്ട്രിക്കൽ - പ്ലമ്പിങ്,ജിപ്സം സീലിങ്ങ്, എന്നീ പ്രവൃത്തികളാണ് വലിയ അളവിൽ നിർവ്വഹിച്ചിട്ടുള്ളത്.

3. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനം സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ ലഭ്യതയാണ്.

സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം.സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

4.സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്. ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാർ എഗ്രിമെന്റ് റജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നും കണ്ടു.

5. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല. വിവിധയിനം പ്രവൃത്തികൾ ചെയ്തതും ഫർണിച്ചറുകൾ സപ്ലൈ ചെയ്തതും ആർട്ട്കോ ഇൻവോയ്സുകളിലാണ് ഇപ്പോൾ രേഖപ്പെടുത്തി നൽകിയിട്ടുള്ളത്.

6. കേരള പൊതുമരാമത്തു വകുപ്പ് മാനുവൽ വകുപ്പ് 2113 പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.
7.(എ)സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിൽ GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) ആർട്ട്കോവിന്റെ 19-3-19 ലെ ഇൻവോയ്സ് 812 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹25,17,245.37ഉം GST യിനത്തിൽ ₹ 4,65,574.16 ( ഏകദേശം 18.5% ) ആണ്. മരാമത്ത് പ്രവൃത്തികൾക്ക്12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹1,63,620.95 ( ₹25,17,245.37x 6.5%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

8. അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിട വന്നത് വിശദീകരിക്കേണ്ടതാണ്.

9. സ.ഉ ( എം.എസ് ) 1/2016 എസ്.പി.ഡി തി. 8-12-2016 പ്രകാരം ആർട്ട്കോ സപ്ലൈ ചെയ്യുന്ന സാധനങ്ങളിൽ ആർട്ട്കോവിന്റേതല്ലാത്ത സാധനങ്ങളുടെ മൂല്യം ആകെ മൂല്യത്തിന്റെ 50% ലധികം വരുന്ന സാഹചര്യത്തിൽ ഓപ്പൺ ടെണ്ടറിലൂടെ മാത്രമേ വാങ്ങൽ നടത്താവൂ. മേൽകാര്യത്തിൽ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ഇനങ്ങളും ആർട്ട്കോ നിർമിക്കാത്തയിനങ്ങളും ആർട്ട്കോവിന് ചെയ്യാനായി അനുമതിയില്ലാത്ത പ്രവത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ച വന്നിട്ടുള്ള സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും GST ഇനത്തിൽ അധികം ചെലവു ചെയ്ത തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതുമാണ് .

## 1-59 പ്രൊജ.നം.175/22 : ഇരുന്നിലങ്കോട് കുടിവെള്ള പദ്ധതി--അപാകതകൾ

അടങ്കൽ : ₹ 5,00,000- ( വി.ഫണ്ട്-എസ്.സി.പി )

നി.ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ.നം. 13 തി.22-10-21 ₹ 5,00,000-

കരാറുകാരൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

കരാർ നം./തിയ്യതി 181/20-21 AE LSGD WKY Mty തി.26-2-21

( ഓഡിറ്റ് എൻക്വയറി നം.29തി.12-12-22)

മേൽപ്രകാരം കുടിവെള്ള പദ്ധതിയുടെ കുടിവെള്ള ടാങ്ക് പുനർ നിർമിക്കുന്നതിനും ആവശ്യമായ പൈപ്പിടലിനുമായി ₹ 5 ലക്ഷം ഭൂജല വകുപ്പിൽ നിക്ഷേപിക്കുകയുമുണ്ടായി. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ലഭ്യമാകുമ്പോഴാണ് നിക്ഷേപത്തുക കൈമാറേണ്ടത് മേൽകാര്യത്തിൽ ഇപ്പോൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ₹ 10,50,000- ചെലവുവരുന്ന എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

2.മേൽ സൂചിപ്പിച്ചതു പ്രകാരം ഇപ്പോൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് ₹ 10,50,000- ചെലവുവരുന്നതാണ്. ആയതിന് 622/21, 175/22 എന്നിങ്ങനെ യഥാക്രമം പ്രൊജക്ട് നമ്പറുകളായി ₹ 5 ലക്ഷംവീതം 2020-21ലും 21-22 ലും

ഭൂജലവകുപ്പിൽ നിക്ഷേപിച്ചിരിക്കുന്നു. 2020-21ലും 21-22 ലുംഈ പ്രൊജക്ടിന്റെ അടങ്കലും ചെലവും ₹ 5 ലക്ഷം ആയിരുന്നു. ₹ 10 ലക്ഷം ചെലവുവരുന്ന പ്രവൃത്തിക്ക് 20-21 ലും 21-22 ലും ₹ 5 ലക്ഷം അടങ്കൽ വച്ച് പുതിയ പ്രൊജക്ടുകളായി രണ്ടു പ്രത്യേക വർഷങ്ങളിൽ നിർവഹിക്കാൻ ഇടവന്നത് വിശദീകരിക്കേണ്ടതാണ്.

3. ഓഡിറ്റ് കാലയളവിൽ ₹ 5 ലക്ഷം നൽകിയതിന് ഭൂജലവകുപ്പിൽ നിന്ന് രശീതി ലഭിച്ചിട്ടില്ല.

4. മേൽ പ്രൊജക്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും കുടിവെള്ള പദ്ധതിയുടെ പ്ലാറ്റ്ഫോം നിർമാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനും DGT 490/21 തി. 30-6-22 പ്രകാരം ഭൂജലവകുപ്പ് ആവശ്യപ്പെട്ട സാഹചര്യത്തിൽ E1 9239/22 തി. 8-2-22 കത്തു പ്രകാരം നിലവിലുള്ള ടാങ്ക് പൊളിച്ച് നീക്കി പുതിയ ടാങ്ക് സ്ഥാപിക്കുന്നതിനു നഗരസഭ നിർദേശം നൽകിയതും കണ്ടു. കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തീരുമാനിക്കുന്നതിന് അടങ്കൽ തുക നിക്ഷേപിച്ച് 2 വർഷക്കാലയളവെടുത്തത് ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 1-60 കാലി ബാരലിന്റെ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 2, തീ. 6-12-22

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ കരാറുകാരിൽ നിന്നു ₹ 238- നിരക്കിൽ ബിറ്റുമിൻ കാലിബാരലുകളുടെ വില ഈടാക്കി തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | കരാറുകാരുടെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|
| 1 | 463/21-22 | വി.അശോകൻ | 1666- |
| 2 | 454/21-22 | വി.അശോകൻ | 2856- |
| 3 | 324/21-22 | വി.അശോകൻ | 714- |
| 4 | 457/21-22 | വി.അശോകൻ | 1428- |
| 5 | 459/21-22 | വി.അശോകൻ | 2142- |
| 6 | 568/21-22 | വി.അശോകൻ | 238- |
| 7 | 472/21-22 | വി.അശോകൻ | 476- |
| 8 | 381/21-22 | വി.അശോകൻ | 714- |
| 9 | 652/21-22 | വി.അശോകൻ | 1904 |
| 10 | 392/21-22 | വി.അശോകൻ | 2380- |
| 11 | 617/21-22 | വി.അശോകൻ | 4284- |
| 12 | 497/21-22 | വി.അശോകൻ | 2380- |
| 13 | 495/21-22 | വി.അശോകൻ | 2380- |
| 14 | 471/21-22 | വി.അശോകൻ | 2856- |
| 15 | 482/21-22 | വി.അശോകൻ | 1428- |
| 16 | 119/21-22 | വി.അശോകൻ | 952- |
| 17 | 456/21-22 | വി.അശോകൻ | 2380- |
| 18 | 462/21-22 | വി.അശോകൻ | 1666- |
| 19 | 481/21-22 | V.K ഉണ്ണികൃഷ്ണൻ | 3332- |
| 20 | 116/21-22 | V.K ഉണ്ണികൃഷ്ണൻ | 952- |
| 21 | 316/21-22 | അലക്സ് പി.മാത്യു | 952- |
| 22 | 461/21-22 | അലക്സ് പി.മാത്യു | 1904- |
| 23 | 474/21-22 | അലക്സ് പി.മാത്യു | 2380- |
| 24 | 458/21-22 | അലക്സ് പി.മാത്യു | 2380- |
| 25 | 480/21-22 | അലക്സ് പി.മാത്യു | 3094- |
| 26 | 317/21-22 | മമ്മിക്കുട്ടി | 2856- |
| 27 | 609/21-22 | P.V സുബ്രഹ്മണ്യൻ | 4046- |

| | | | |
|---|---|---|---|
| 28 | 355/21-22 | P.V സുബ്രഹ്മണ്യൻ | 4284- |
| 29 | 358/21-22 | റോണി അഗസ്റ്റ്യൻ | 2856- |
| 30 | 357/21-22 | റോണി അഗസ്റ്റ്യൻ | 2856- |
| 31 | 485/21-22 | റോണി അഗസ്റ്റ്യൻ | 1904- |
| 32 | 607/21-22 | E.V വിനീഷ് | 714- |
| 33 | 608/21-22 | E.V വിനീഷ് | 1428- |
| 34 | 101/21-22 | E.V വിനീഷ് | 2142- |
| ആകെ | | | 70924- |

കാലി ബാരലിന്റ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയതും ഇപ്പോൾ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതുമായ ആകെ ₹70924-ഓരോ പ്രവൃത്തിക്കുംവേണ്ടി ചെലവു ചെയ്തിട്ടുള്ള ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തത് -അധിക നിരക്ക് നൽകിയത് സംബന്ധിച്ച്

നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കു എടുത്തിട്ടുണ്ട്. സിബിജോൺ എന്നയാളുടെ ഉടമസ്ഥതയിലുള്ള KL-08-BG-2683 എന്ന വാഹനമാണ് വാടകയ്ക്കു എടുത്തിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് ചുവടെ ചേർക്കുന്നു

1. ജി.ഒ.(പി)നമ്പർ 45/2018/Tran. തീയതി 11.12.2018 പ്രകാരം പുതുക്കിയ ടാക്സി നിരക്ക് (1500 സി.സിയിൽ കുറഞ്ഞത്) കിലോമീറ്ററിന് 15 രൂപയാണ്. നഗരസഭ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഒരു മാസം 1500 കി.മീറ്റർ വരെ 19 രൂപ/കി.മീ. പ്രകാരവും 1500 കഴിഞ്ഞ് വരുന്ന ദൂരത്തിന് 25 രൂപ/കി.മീ. നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/09.12.22/28.01.2022 ന് മറുപടിലഭ്യമാക്കിയിട്ടില്ല. 2020-21 ല്‍ ഖണ്ഡിക 1-66 ഈ വിഷയം പരാമർശിച്ചിരുന്നു. അന്ന് നൽകിയ മറിപടിയിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള കി.മീറ്ററിന് 15 രൂപയിൽ വെയിറ്റിങ്ങ് ചാർജ്ജ് ഉൾപ്പെടുന്നില്ല എന്നത് അംഗീകരിച്ചുകൊണ്ട് കി.മീറ്ററിന് 19 രൂപ നൽകിയത് ഓഡിറ്റ് നിരാകരിച്ചിരുന്നില്ല എങ്കിലും അതിൽ കൂടുതൽ നൽകിയ തുക കി.മീറ്ററിന് 13 രൂപ പ്രകാരം (32-19) 1500 കി.മീറ്ററിന് മുകളിൽ ഓടിയ ദൂരത്തിന് ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിച്ചിട്ടില്ല. ആയത് പ്രകാരം ഓഡിറ്റ് വർഷം 1500 കിലോമീറ്ററിൽ അധികരിച്ച ദൂരത്തിന് ചെലവഴിച്ച 6രൂപ (25-19)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര നടത്തിയ മാസം | വൗച്ചർ നമ്പർ/തീയതി | നൽകിയ തുക | ആകെ ഓടിയ ദൂരം | 25 രൂപ നിരക്കിൽ ഓടിയ ദൂരം | അധികം നൽകി തുക @6 (25-19) |
|---|---|---|---|---|---|---|
| 1 | 3/21 | 22100175/15-5-21 | 49250 | 2320 | 820 | 4920 |
| 2 | 4/21 | 22100280/7-6-21 | 48900 | 2306 | 806 | 4836 |
| 3 | 5/21 | 22100382/2.7.21 | 70500 | 3170 | 1670 | 10020 |
| 4 | 6/21 | 22100572/18.8.21 | 75325 | 3363 | 1863 | 11178 |
| 5 | 7/21 | 22100796/28.9.21 | 65625 | 2975 | 1475 | 8850 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 8/21 | 22100796/28.9.21 | 55625 | 2575 | 1075 | 6450 |
| 7 | 9/21 | 22100967/2.11.21 | 47225 | 2239 | 739 | 4434 |
| 8 | 10/21 | 22100967/28.9.21 | 58525 | 2691 | 1191 | 7146 |
| | | ആകെ | | | | 57834 |

2021-22 കാലയളവിലും മുൻ കരാറുകാരനായ സിബിജോൺ എന്നയാൾക്കുതന്നെ വീണ്ടും കരാർ കാലവധി നീട്ടിനൽകിയിരിക്കുന്നു(10/01/2021വരെ). 2021-22 വർഷം ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ അധികരിച്ച് നൽകിയ 57834/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ഹാജർ രേഖപ്പെടുത്താത്ത കാലയളവിൽ വേതനം നൽകി

22100144/5-5-21,15225/-
ഫയൽ നം.E1-390/19

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസിയറായ സുബിസൈമൺ എന്നയാൾക്ക് 4/21 ലെ വേതനം മേൽ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ടിയാൾ 21/4/21 മുതൽ 29/4/21 വരെ ഹാജർ രേഖപ്പെടുത്തി കാണുന്നില്ല.permitted To Continue On Duty എന്ന് അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. തുടർന്ന് 30/4/21ൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്റർ റോളിൽ21,22,23,26,29 എന്നീ ദിവസങ്ങളിൽ ഹാജർ കാണിക്കുകയും 725/- രൂപ നിരക്കിൽ മേൽ വൌച്ചർ പ്രകാരം വേതനം നൽകുകയും ചെയ്തിരിക്കുന്നു. മാത്രമല്ല 15/4/21,30/4/21 എന്നീതിയ്യതികളിൽ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ മസ്റ്റർ റോളിൽ Absent എന്നും കാണിച്ചിരിക്കുന്നു. ഹാജർ ഇല്ലാത്ത 5 ദിവസങ്ങളിൽ വേതനം നൽകിയിതി(5*725) ന്റേയും, അറ്റൻഡൻസ് രജിസ്റ്ററും മസ്റ്റർ റോളും തമ്മിൽ ബന്ധമില്ലാത്ത വിധം വൌച്ചർ തയ്യാറാക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 3/9.12.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3625/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 കുടിവെള്ള വിതരണം - അപാകതകൾ

ഫയൽ നമ്പർ PH1-2464/21

15.2.2021-ലെ സ.ഉ.(സാധാ)നം.446/2021/തസ്വഭവ. ഉത്തരവുപ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താഴെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണപ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 1.4.2021 മുതൽ 31.5.2021വരെ ചെലവഴിക്കാവുന്ന തുക |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 11.00 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 16.50 ലക്ഷം |
| കോർപ്പറേഷനുകൾ | 22.00 ലക്ഷം |

ടി ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൌകര്യപ്രദമായ സമയത്ത് വിതരണം ചെയ്യേണ്ടതും ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പ് വരുത്തേണ്ടതുമാണ്. ഖണ്ഡിക 4 പ്രകാരം ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിനുള്ള സംവിധാനവും ജിപിഎസ് ട്രാക്കിങ്ങിനുള്ള സംവിധാനവും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്നും ടി ഉത്തരവിൽ പറയുന്നു.

കുടവെള്ള വിതരണം സംബന്ധിച്ച് കരാറുകാരുമായി ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ 8 പ്രകാരം ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ലൈസൻസിങ്ങ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം FBO ലൈസൻസുകൾ എടുത്തിട്ടുള്ള ടാങ്കർ ലോറികളിൽ മാത്രമേ കുടിവെള്ളവിതരണം നടത്താൻ പാടുള്ളൂ. വ്യവസ്ഥ 13 പ്രകാരം കുടിവെള്ള വിതരണം

നടത്തുന്ന ടാങ്കറുകളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട ഡിവിഷൻ കൌൺസിലർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. വ്യവസ്ഥ 19 അനുസരിച്ച് കുടിവെള്ള വിതരണം ആരംഭിച്ച് 15 ദിവസത്തിനു ശേഷം ആദ്യബില്ല് സമർപ്പിക്കാവുന്നതാണ്.

വടക്കാഞ്ചേരി നഗരസഭയിൽ 2021 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളവിതരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ മാർഗ്ഗരേഖ ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 8.11.2010 പ്രകാരം 1 ലക്ഷം രൂപയ്ക്കുമേൽ അടങ്കൽ തുക വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതു പ്രകാരം വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാളം പത്രത്തിലും പരസ്യം ചെയ്യേണ്ടതാണ്. സ.ഉ.(പി)നം.524/15/ധന. തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷമോ അതിൽ കൂടുതലോ ഉള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. നഗരസഭയിലെ കുടിവെള്ള വിതരണം ക്വട്ടേഷൻ അടിസ്ഥാനത്തിലാണ് നടപ്പാക്കിയത്. പത്രപരസ്യം നടത്തിയിട്ടില്ല.

2. 10.3.2021-ലെ സാധാരണ മീറ്റിങ്ങിലെ 10-ാം നമ്പർ തീരുമാനപ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടാങ്കർ ലോറികൾ ഡ്രൈവർ സഹിതം വാടകക്ക് എടുക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 17.3.2021-ലെ PH1-2464/21 നമ്പർ ക്വട്ടേഷൻ പരസ്യപ്രകാരം ജിപിഎസ് ഘടിപ്പിച്ച 4 ലോറികൾ ദിവസവാടകക്ക് ആവശ്യമുണ്ട് എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടാങ്കർ ലോറി ആയിരിക്കണം എന്ന ഏറ്റവും പ്രധാനപ്പട്ട വ്യവസ്ഥ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭാപരിധിയിൽ മുഴുവനായി കുടിവെള്ളവിതരണം നടത്താമെന്ന് രേഖപ്പെടുത്തിയാണ് കരാറുകാർ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ആൾക്ക് നഗരസഭാ പരിധിയിലെ കുടിവെള്ള വിതരണ കരാർ മുഴുവനായി ഏല്പിച്ച് നൽകുന്നതിനു പകരം ക്വട്ടേഷൻ സമർപ്പിച്ച 8 പേരിൽ ഒരാൾക്ക് ഒഴികെ ബാക്കി 7പേർക്കും കുടിവെള്ള വിതരണ ചുമതല നൽകിയതായി കാണുന്നു. ക്വട്ടേഷൻ സമർപ്പിച്ചവർ ആരും തന്നെ മൊത്തത്തിൽ കുടിവെള്ള വിതരണത്തിന് തയ്യാറല്ല എന്ന് അറിയിച്ചതായി സെക്രട്ടറി 20.3.2021-ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ക്വട്ടേഷൻ സമർപ്പിച്ചവരുടെ പേര് വിവരവും അവർ ക്വാട്ട് ചെയ്ത നിരക്കും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിരക്ക് |
|---|---|---|
| 1 | ഹരിദാസ് വലിയവളപ്പിൽ | 5000 രൂപ/ദിവസം |
| 2 | ബിജു തൈവളപ്പിൽ | 30 പൈസ/ലിറ്റർ |
| 3 | അരുൺരാജ് | 5000 രൂപ/ദിവസം |
| 4 | അക്ഷയ് | 30 പൈസ/ലിറ്റർ |
| 5 | സുധീർ മുതുകോട്ടിൽ | 5000 രൂപ/ദിവസം |
| 6 | അമൽജിത്ത് | 5000 രൂപ/ദിവസം |
| 7 | രോഹിത്ത് | 41 പൈസ/ലിറ്റർ |
| 8 | രാജേഷ് (സദാനന്ദൻ) | 6000 രൂപ/ദിവസം |

മേൽപറഞ്ഞ 8 പേരിൽ രോഹിത്ത് വർക്കിന് താല്പര്യമില്ല എന്ന് അറിയിച്ചതായും ബാക്കിയുള്ളവർ നെഗോസിയേഷന് തയ്യാറല്ല എന്നറിയിച്ചതായും സെക്ഷൻ ക്ളർക്ക് കുറിപ്പെഴുതിയിട്ടുണ്ട്. രോഹിത്ത് എന്നയാൾ ഒഴികെ ബാക്കി 7 പേർക്കും പ്രവൃത്തി ഏല്പിച്ച് നൽകാൻ അനുമതി നൽകാവുന്നതാണ് എന്ന് 20.3.2021-ൽ സെക്രട്ടറി കുറിപ്പ് എഴുതിയതായി കാണുന്നു. വടക്കാഞ്ചേരി പുഴ/ഗ്രൌണ്ടിലെ കിണറ്റിൽ നിന്നും മുണ്ടത്തിക്കോട് ഭാഗത്തെ സ്വകാര്യവ്യക്തിയുടെ കിണറ്റിൽ നിന്നും വെള്ളമെടുക്കാമെന്നും സ്വകാര്യവ്യക്തിക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള കറന്റ് ചാർജ് വേണ്ടിവരും എന്നും സെക്രട്ടറിയുടെ കുറിപ്പിലുണ്ട്. പ്രതിദിനവാടക 6000 രൂപ എന്ന് ക്വാട്ട് ചെയ്യുകയും നെഗോസിയേഷന് തയ്യാറല്ല എന്ന് അറിയിക്കുകയും ചെയ്ത സദാനന്ദൻ എന്നയാൾക്ക് ഉൾപ്പെടെ 5 പേർക്ക് പ്രതിദിനം 5000 രൂപ നിരക്കിലും 2 പേർക്ക് 30 പൈസ/ലിറ്റർ എന്ന നിരക്കിലും കരാർ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ പരസ്യത്തിൽ പറഞ്ഞ 4 ലോറികൾക്ക് പകരം 7 ലോറികൾക്ക് പ്രവൃത്തി ഏല്പിച്ച് നൽകിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് കുടിവെള്ള വിതരണ ചുമതല മുഴുവനായി ഏല്പിച്ച് കൊടുക്കാതെ വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തവർക്ക് ഉൾപ്പെടെ കരാർ നൽകിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വിശദീകരിച്ചിട്ടില്ല.

ക്വട്ടേഷനിൽ പങ്കെടുക്കാത്ത റിൻഷാദ് എന്നയാൾക്ക് 18810 രൂപയും അജേഷ് എന്നയാൾക്ക് 14850 രൂപയും കുടിവെള്ളവിതരണത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ കാരണം ഫയലിൽ വിശദീകരിച്ചിട്ടില്ല.

3. ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്നാണ് കുടവെള്ളവിതരണം

സംബന്ധിച്ച 15.2.2021-ലെ സഉ.(സാധാ)നം.446/2021/തസ്വഭവ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനത്തിന്റെ ട്രിപ്പ് ഷീറ്റോ ജിപിഎസ് ലോഗോ ഹാജരാക്കാതെയും പരിശോധിക്കാതെയുമാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. കരാറുകാരുമായുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 13 പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന ടാങ്കറുകളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട ഡിവിഷൻ കൌൺസിലർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടിയില്ലാതെയാണ് കരാറുകാർക്ക് തുക നൽകിയത്.

4. മുകളിൽ പറഞ്ഞതിൽ അരുൺരാജ് എന്നയാളുടെ KL7 BE 8791 എന്ന വാഹനം മാത്രമാണ് ടാങ്കർ ലോറി. ബാക്കിയുള്ളതെല്ലാം ടിപ്പർ ഇനത്തിൽപ്പെട്ട ലോറികളാണ് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. കുടിവെള്ളവിതരണം നടത്തുന്ന ലോറികളിലേക്ക് പൈപ്പുകളും വാൽവുകളും വാങ്ങിയതിനും പണിക്കൂലി ഇനത്തിലും 37292 രൂപ കലാധരൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. കുടിവെള്ളം വിതരണം നടത്തുന്ന ടാങ്കർ ലോറികളായിരുന്നുവെങ്കിൽ ഈ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

5. സി.പി.ചാക്കുണ്ണി എന്നയാളുടെ കിണറ്റിൽ നിന്നും 82000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട് എന്നും അതിന് 4200 രൂപ നൽകണമെന്നുമുള്ള ടിയാന്റെ 3.5.2021-ലെ അപേക്ഷ പ്രകാരം വൌച്ചർനമ്പർ 22100574/18.8.21 ആയി 4200 രൂപയും, വിപിൻ മോഹൻ എന്നയാളുടെ 26.7.21-ലെ അപേക്ഷ പ്രകാരം ടിയാന്റെ കിണറ്റിൽ നിന്നും 27,10,000 ലിറ്റർ വെള്ളം എടുത്തതിന്റെ പ്രതിഫലമായി 162600 രൂപ വൌച്ചർ നമ്പർ 22100840/7.10.2021 പ്രകാരവും നൽകിയിട്ടുണ്ട്. മേൽപറഞ്ഞ വ്യക്തികളുമായി നഗരസഭക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് യാതൊരു കരാറുകളും ഉള്ളതായി കാണുന്നില്ല. വെള്ളം നൽകുന്നതിന് നഗരസഭ ക്വട്ടേഷൻ വിളിക്കുകയോ ടിയാന്മാർ ക്വട്ടേഷൻ നൽകുകയോ നഗരസഭ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കുടിവെള്ളവിതരണം കരാർ എടുത്തവരാണ് വെള്ളത്തിന്റെ വില നൽകേണ്ടത് എന്ന കാര്യവും പരിഗണിച്ചിട്ടില്ല.

6. കുടിവെള്ള വിതരണം നടത്തിയതിന് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് അധിക വേതനം ഇനത്തിൽ വൗച്ചർ നമ്പർ 22200060/12.4.2022 പ്രകാരം 155700 രൂപ നൽകിയിട്ടുണ്ട്. തൊഴിലാളികൾ ഏതൊക്കെ ദിവസങ്ങളിൽ എവിടെയൊക്കെ അധിക ജോലി ചെയ്തിട്ടുണ്ട് എന്ന വിവരം ഫയലിൽ ഇല്ല. കുടിവെള്ള വിതരണം ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ ചുമതലയാണെന്നിരിക്കെ ഈ പ്രവൃത്തിക്കു വേണ്ടി നഗരസഭാ ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് അധിക വേതനം നൽകിയത് ക്രമപ്രകാരമല്ല.

2021-ലെ കുടിവെള്ള വിതരണ/അനുബന്ധ ചെലവുകൾക്കായി ആകെ ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൌച്ചർനമ്പർ/തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ഇനം |
|---|---|---|---|---|
| 1 | 22100033/13.4.2021 | 50000 | സുധീർ | കുടിവെള്ള വിതരമം |
| 2 | 22100034/13.4.2021 | 50000 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 3 | 22100035/13.4.2021 | 50000 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 4 | 22100036/13.4.2021 | 50000 | അരുൺരാജ് | കുടിവെള്ള വിതരണം |
| 5 | 22100037/13.4.2021 | 50000 | സദാനന്ദൻ | കുടിവെള്ള വിതരണം |
| 6 | 22100038/13.4.2021 | 50000 | ബിജു | കുടിവെള്ള വിതരണം |
| 7 | 22100043/13.4.2021 | 50000 | ഹരിദാസ് | കുടിവെള്ള വിതരണം |
| 8 | 22100189/7.5.2021 | 50000 | സുധീർ | കുടിവെള്ള വിതരണം |
| 9 | 22100190/7.5.2021 | 50000 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 10 | 22100191/7.5.2021 | 50000 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 11 | 22100192/7.5.2021 | 50000 | അരുൺരാജ് | കുടിവെള്ള വിതരണം |
| 12 | 22100193/7.5.2021 | 50000 | സദാനന്ദൻ | കുടിവെള്ള വിതരണം |
| 13 | 22100194/7.5.2021 | 50000 | ബിജു | കുടിവെള്ള വിതരണം |
| 14 | 22100195/7.5.2021 | 50000 | ഹരിദാസ് | കുടിവെള്ള വിതരണം |
| 15 | 22100404/8.7.2021 | 145270 | അരുൺരാജ് | കുടിവെള്ള വിതരണം |
| 16 | 22100405/8.7.2021 | 14850 | അജേഷ് | കുടിവെള്ള വിതരണം |
| 17 | 22100406/8.7.2021 | 18810 | റിൻഷാദ് | കുടിവെള്ള വിതരണം |
| 18 | 22100407/8.7.2021 | 105920 | സുധീർ | കുടിവെള്ള വിതരണം |
| 19 | 22100408/8.7.2021 | 135370 | സദാനന്ദൻ | കുടിവെള്ള വിതരണം |

| | | | | |
|---|---|---|---|---|
| 20 | 22100409/8.7.2021 | 143290 | ഹരിദാസ് | കുടിവെള്ള വിതരണം |
| 21 | 22100410/8.7.2021 | 265904 | അക്ഷയ് കുമാർ | കുടിവെള്ള വിതരണം |
| 22 | 22100411/8.7.2021 | 223284 | ബിജു | കുടിവെള്ള വിതരണം |
| 23 | 22100420/12.7.2021 | 105920 | അമൽജിത്ത് | കുടിവെള്ള വിതരണം |
| 24 | 22100574/18.8.21 | 4200 | സി.ഡി.ചാക്കുണ്ണി | കുടിവെള്ളത്തിന്റെ വില |
| 25 | 22100840/7.10.2021 | 162600 | വിപിൻ മോഹൻദാസ് | കുടിവെള്ളത്തിന്റെ വില |
| 26 | 22100533/7.8.2021 | 37292 | എം എൻ കലാധരൻ | കുടിവെള്ളം കൊണ്ടുപോകുന്ന ലോറികളിലെവാൽവ്,പൈപ്പ്ഫിറ്റിംഗ്സ്, കൂലി |
| 27 | 22200060/12.4.2022 | 155700 | നഗരസഭയിലെ കണ്ടിജന്റ് തൊഴിലാളികൾ | കുടിവെള്ളം വിതരണം ചെയ്യുന്നതിനായി അധിക സമയം ജോലി ചെയ്തതിന്റെ പ്രതിഫലം ഇനത്തിൽ നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് നൽകിയത്. |
| 28 | 22100015/19.4.2021 | 150000 | കവിത, JHI | കുടിവെള്ള വിതരണത്തിനായി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി കവിതക്ക് നൽകിയത്. ടി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.ഓഡിറ്റ് തീയതി വരേയും ടി അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. |
| | ആകെ | 2368410 | | |

കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 1650000 രൂപയായിരിക്കെ 718410 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/9.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള വിതരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാടേ അവഗണിച്ചുകൊണ്ടാണ് കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കിയത്. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന തുകയായ 1650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 718410 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. കൂടാതെ കുടിവെള്ള വിതരണം യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്നും പദ്ധതിയിൽ കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചു

വൗച്ചർ നമ്പർ 22100900/1.10.2021 പ്രകാരം 5516 രൂപ യൂണിഫോം അലവൻസായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആംബുലൻസ് ഡ്രൈവർ ശ്രീ പ്രസാദ് പി വി എന്നയാൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ സേവനത്തിലുള്ള ഡ്രൈവർമാർക്ക് അനുവദനീയമായ യൂണിഫോറം അലവൻസ് 2700 രൂപയാണ്. ഇത് ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ബാധകമല്ല. ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാന് യൂണിഫോറം അലവൻസായി 5516 രൂപ അനുവദിച്ചത് എന്ന് ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 57/13.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് യൂണിഫോറം അലവൻസ് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| GWD | ഇരുന്നംകല്ല് കുടിവെള്ളപദ്ധതി-(പ്രൊ.നം.175/22) | 5,00,000 |
| | കിളിയത്ത് ചിറ കുടിവെള്ള പദ്ധതി (പ്രൊ.നം.595/22) | 2,59,896 |
| | മംഗലം,ഏല്യാംകുന്ന്, ജവഹർ,അമ്മാട്ടിക്കുന്ന് കുടിവെള്ള പദ്ധതി സംയോജനം (പ്രൊ.നം.210/22) | 2,58,458 |
| | അമ്പലപുരം കിഴക്കുമുറി കുടിവെള്ള പദ്ധതി (പ്രൊ.നം.235/22) | 2,00,000 |
| കെ.എസ്.ഇ.ബി | പെരിങ്ങണ്ടൂർ കനാൽ റോഡ് പോസ്റ്റ്മാറ്റലും മെയിന്റൻസും പ്രോജക്ട് നം 143/22 | 2,66,650 |
| | മുല്ലയ്ക്കൽ റോഡ് പോസ്റ്റ് മാറ്റി വെയ്ക്കൽ-ഡിവ. 33 (പ്രോജക്ട് നം 543/22) | 9,145 |
| | ഇരുന്നല്ലം കല്ല് കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നം 633/22 | 4,50,000 |
| | പാർലിക്കാട് ബ്രാഞ്ച് കനാൽ പരിസരം ഇലക്ട്രിക് പോസ്റ്റ് പ്രോജക്ട് നം 529/22 | 19,002 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ലഭ്യമല്ല.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 515300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ലഭ്യമല്ല |
|---|---|
| ആകെ | 515300 |

വാർഷികകണക്കുപ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30,66,37,216.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33,26,26,030.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 785385 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10800370 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 57834/- | ശ്രീ.മഹേന്ദ്ര. പി എ ,മുൻസിപ്പൽ എഞ്ചിനീയർ |
| 3-2 | | 3,625 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 3-3 | -- | 7,18,410 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 3-4 | -- | 5,516 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| ആകെ | -- | 785385 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 34,23,643 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-34 | 7,00,000 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-37 | 1008818 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-39 | 16,50,000 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-40 | 22,33,361 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-47 | 47640 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-48 | 2,04,508 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-50 | 1,47,196 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-51 | 10,85,204 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| 1-52 | 3,00,000 | ശ്രീ.മനോജ്.കെ.കെ. മുൻസിപ്പൽ സെക്രട്ടറി |
| ആകെ | 10800370 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്.കെ.കെ.<br>മുൻസിപ്പൽ സെക്രട്ടറി | സെക്രട്ടറി,<br>വടക്കാഞ്ചേരി നഗരസഭ | കല്ലുംകുന്നത്ത് വീട്, ആലത്തൂർ ദേശം,ചിറ്റഞ്ഞൂർ-പി.ഓ, കുന്നംകുളം-680 523. |
| ശ്രീ.മഹേന്ദ്ര. പി എ,<br>മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ,<br>തൃശ്ശൂർ കോർപ്പറേഷൻ | പൊറ്റേക്കാട്ട് ഹൗസ്,എൽത്തുരുത്ത് പി ഒ<br>തൃശ്ശൂർ-680611 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(എം.)117/2017/ 31.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(എം.)1566/17/ 30.11.2017 |
| 2017-18 | കെ.എസ്.എ.-ടി.എസ്.ആർ.(എം) 865/19/ 19.07.2019 |
| 2018-19 | കെ.എസ്.എ.-ടി.എസ്.ആർ.(എം) 328/20/ 20/05/2020 |
| 2019-20 | കെ.എസ്.എ.-ടി.എസ്.ആർ.(എം2) 361/22, തീയതി.23.06.2022 |
| 2020-21 | കെ.എസ്.എ.-ടി.എസ്.ആർ.(എം2) 362/22, തീയതി.23.06.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്